1. G.O.(P.) No. 163/99/Co-op, dated 3rd December, 1999 (S.R.O. No. 11/2000)
2. G.O.(P.) No. 164/99/Co-op, dated 4th December, 1999 (S.R.O. No. 12/2000)
3. G.O.(P.) No. 168/99/Co-op, dated 7th December, 1999 (S.R.O. No. 13/2000)
4. G.O.(P.) No. 169/99/Co-op, dated 7th December, 1999 (S.R.O. No. 52/2000)

On behalf of Minister for Industries and Social Welfare, Minister for Food Tourism and Law (Shri. E. Chandrasekharan Nair) : Sir, I lay on the Table :

1. Annual Report of Malabar Cements Limited for the year 1997-98 together with statement showing the reasons for delay in submitting the same.
2. Annual Report of Kerala Women's Commission for the year 1996-97 together with statement showing the reasons for delay in submitting the same.

VI. റിപ്പോർട്ട് സമർപ്പണം

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, 1999-ലെ ഇൻഡ്യൻ വിവാഹമോചന (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. പി. രാജു : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ 28-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 53 മുതൽ 55 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII. നിയമനിർമ്മാണകാര്യം

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയം-

(1) 2000-ത്തിലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമന്റ്മെന്റ്) ബിൽ,

(2) 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ

(ചർച്ച തുടർച്ച)

(രണ്ടു ബില്ലുകൾക്കും കൂടി ഒരുമിച്ചുള്ള ചർച്ച)

മി. സ്പീക്കർ : ലെജിസ്ലേഷന്റെ കാര്യത്തിൽ കഴിഞ്ഞ തവണ ചർച്ച ചെയ്തതിന്റെ തുടർച്ചയാണ്. രണ്ട് ബില്ലുകളെ സംബന്ധിച്ച് ചർച്ചയാണ്. 8-ാം തീയതിയും 13-ാം തീയതിയും നിശ്ചയിച്ച രണ്ടു ബില്ലുകൾ (1) 2000 ത്തിലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമന്റ്മെന്റ്) ബില്ലും (2) 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലും.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമന്റ്മെന്റ്) ബില്ലിലെ രണ്ടു ഭേദഗതികൾ അവതരിപ്പിച്ചു കഴിഞ്ഞു. അതിനു ശേഷം കേരള കമാന്റ് ഏരിയ വികസന(ഭേദഗതി) ബില്ലിലെ ഒരു ഭേദഗതി ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ചു. ഇനി രണ്ടാമത്തെ ഭേദഗതിയാണ് ആദ്യം എടുക്കേണ്ടത്. അതിനുശേഷം മറ്റ് അംഗങ്ങൾക്ക് സമയത്തിന്റെ പരിധിയ്ക്കുള്ളിൽനിന്നും സംസാരിക്കാം. ഡിസെൻട്രലൈസേഷൻ ബിൽ ആയതുകൊണ്ട് പാർട്ടികൾക്ക് ഒരവസരം വേണമെന്നുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. ചെയർ അതിനോട് യോജിച്ചു. ആലോചിച്ചു പറയാമെന്നു പറഞ്ഞു, ആലോചിച്ചു; ഇതുവരെ പറഞ്ഞിട്ടില്ല. പക്ഷേ ഇപ്പോൾ അതിന്റെ പ്രശ്നം വരുന്നില്ല. പരസ്പരം അഡ്ജസ്റ്റ് ചെയ്ത് സംസാരിക്കാൻ കഴിയുന്നതേയുള്ളൂ. നമുക്ക് സമയം ദീർഘിപ്പിക്കേണ്ടതായിട്ടില്ല. കമാന്റ് ഏരിയ വികസന ഭേദഗതി ബില്ലിലെ രണ്ടാമത്തെ ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ബി. വിജയകുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരില്ല.

ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി ഇന്ന് കൂടുന്നകാര്യം ചെയർ ആലോചിച്ചിട്ട് ഉടനെ അറിയിക്കുന്നതാണ്.

<u>ശ്രീ. ടി.കെ. ഹംസ</u> : സർ, ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി മാറ്റിവയ്ക്കാം. ബഹു. മുഖ്യമന്ത്രി ഇന്ന് വന്നില്ലല്ലോ.

<u>മി. സ്പീക്കർ</u> : അങ്ങനെയാവാം, ശ്രീ. എം.വി.ജയരാജൻ സീറ്റിലില്ല.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, ...

<u>മി. സ്പീക്കർ</u> : ശ്രീമതി മെഴ്സിക്കുട്ടി അമ്മേ, നിങ്ങൾക്ക് കാര്യം മനസ്സിലായില്ല. ഓരോ ബില്ലിലും രണ്ട് ഭേദഗതികൾ അവതരിപ്പിച്ചേ പറ്റൂ ആരായാലും. സംസാരിച്ചില്ലെങ്കിലും അവതരിപ്പിക്കണ്ടേ? ഒരു ബില്ലിൽ രണ്ട് ഭേദഗതി അവതരിപ്പിച്ചു. രണ്ടാമത്തെ ബില്ലിലെ ഒരു ഭേദഗതിയേ അവതരിപ്പിച്ചുള്ളൂ, ആരെങ്കിലും ആ ലിസ്റ്റിൽ വരുന്ന ആൾ അവതരിപ്പിക്കണം. അതാണ് സഭാനടപടി, എന്നാലും മെഴ്സിക്കുട്ടി അമ്മയുടെ കാര്യം പ്രത്യേകം പരിഗണിക്കാം. ശ്രീ. ബി. വിജയകുമാർ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇല്ല. ശ്രീ. എം. ദാസൻ, ഭേദഗതി അവതരിപ്പിക്കാം, സംസാരിക്കുന്നുവെങ്കിൽ സംസാരിച്ചാൽ മതി.

<u>ശ്രീ. എം. ദാസൻ</u> : സർ, 2000 മാണ്ടിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, ഓരോ പാർട്ടിയുടെ ഒന്നുരണ്ടു പേർ വീതം പ്രസംഗിച്ചു നിറുത്തട്ടെ.

<u>മി. സ്പീക്കർ</u> : അത് ധാരാളം മതി, അതിന്റെ ആവശ്യമേയുള്ളൂ.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, കഴിഞ്ഞ ദിവസം സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബിൽ, കേരളത്തിന്റെ അധികാര വികേന്ദ്രീകരണ രംഗത്ത് വളരെ സുപ്രധാനമായ ചുവടുവയ്പാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായ അർത്ഥത്തിൽ പ്രാദേശിക ഗവൺമെന്റുകളാക്കി മാറ്റുന്നതിനുള്ള നടപടിക്രമമാണ് ഈ അധികാരവികേന്ദ്രീകരണ ഭേദഗതി നിയമത്തിൽ കൂടി കേരളത്തിൽ ഇന്ന് പ്രാവർത്തികമാക്കുന്നത്. ഭരണഘടനയുടെ നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

കതത്വം ആർട്ടിക്കിൾ 40-ൽ പഞ്ചായത്തീരാജ് നിയമം നടപ്പാക്കേണ്ടതിനെക്കുറിച്ച് അന്നുതന്നെ സൂചിപ്പിച്ചിരുന്നു. പക്ഷേ വളരെ വർഷങ്ങൾക്ക് ശേഷവും അധികാരത്തിലിരുന്ന കോൺഗ്രസ്സ് ഗവൺമെന്റ് അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ഈ പഞ്ചായത്തീരാജ് നിയമം പാസ്സാക്കുവാൻ നടപടി സ്വീകരിച്ചിരുന്നില്ല എന്നതാണ് പ്രത്യേകതയായിട്ടുള്ളത്. മഹാത്മജിയുടെ സ്വപ്നവും ഇ.എം.എസ്സിന്റെ ദർശനവും അദ്ദേഹം അതിനുവേണ്ടി നടത്തിയ ദീർഘനാളുകളായിട്ടുള്ള പ്രയത്നവും- ഇവയുടെ ഫലമാണ് ഇപ്പോൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അധികാരവികേന്ദ്രീകരണം. കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി നടക്കുന്ന ജനകീയപ്രസ്ഥാനം ഇന്ന് ഗ്രാമങ്ങൾതോറും പുത്തൻ ഉണർവാണ് ജനങ്ങളിൽ നൽകിയിട്ടുള്ളത്. ഈ ഉണർവ് കണ്ട് ബേജാറാകുന്ന പ്രതിപക്ഷമാണ് ഇല്ലാത്ത പ്രശ്നങ്ങളുടെ പേരിൽ ഇന്ന് ഈ സഭ ബഹിഷ്ക്കരിക്കുവാൻ സന്നദ്ധമായത്. ബില്ലിലേയ്ക്ക് കടക്കുന്നതിന് മുമ്പ് ഈ ബില്ലിന്റെ ചർച്ചയിൽ സുപ്രധാനമായി പങ്കെടുക്കേണ്ട പ്രതിപക്ഷം എന്തിനാണ് ഇന്നിപ്പോൾ വാക്കൗട്ട് നടത്തിയത്? ഇപ്പോൾ കൺസ്യൂമർ കാർഡ് എന്നൊരു കച്ചിത്തുരുമ്പാണ് അവർ പിടിച്ചിരിക്കുന്നത്. കൺസ്യൂമർ കാർഡുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രി ഒരർത്ഥശങ്കയ്ക്കും ഇടയില്ലാത്തവിധം ഇവിടെ പ്രഖ്യാപിച്ചിട്ടും പിന്നേയും അവിടെ പോയി സമരം ചെയ്യുന്നത് എന്തിനാണ്? കേരളത്തിന്റെ കാൽ നൂറ്റാണ്ടിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടാകാത്ത തരത്തിൽ ഇരുളിൽ നിന്നും വെളിച്ചത്തിലേയ്ക്ക് കേരളത്തെ നയിക്കുവാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ച നടപടികളിൽ അസൂയപൂണ്ട പ്രതിപക്ഷമാണ് ഇന്ന് ഇത്തരത്തിൽ ഒരു സമരകോപ്രായവുമായി രംഗത്തുവന്നിരിക്കുന്നത്. കൺസ്യൂമർ കാർഡ് ഉപഭോക്താക്കളെ വഞ്ചിക്കുന്നതല്ലെന്ന് ഇവിടെ വളരെ വ്യക്തമാക്കി. ഉപഭോക്താക്കൾ വഞ്ചിതരാകുന്ന സ്ഥിതിഗതികൾക്ക് മാറ്റമുണ്ടാകുവാൻ അവരുടെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനാണ് ഈ കാർഡ് കൊണ്ടുവരുന്നതെന്ന് പറഞ്ഞിട്ടുണ്ട്. അത് മനസ്സിലാക്കാതെ ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷത്തിന്റെ ഗൂഢമായ ലക്ഷ്യം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യും. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ നിയമത്തിൽ ഇപ്പോൾ 34 ആക്ടുകളാണ് ഭേദഗതി ചെയ്യുന്നത്. 3 നിയമങ്ങൾ, അധികാരവികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇനി ആ നിയമങ്ങൾ കേരളത്തിൽ വേണ്ടതില്ലെന്നു തീരുമാനിച്ചുകൊണ്ട് റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തത്. അധികാരവികേന്ദ്രീകരണത്തിന്റെ ചരിത്രമെടുത്ത് നോക്കിയാൽ ആർട്ടിക്കിൾ 40-ൽ ഇന്ത്യൻ ഭരണഘടനയിൽ 1950-കളിൽത്തന്നെ അത് സൂചിപ്പിച്ചിരുന്നുവെങ്കിലും 1957-ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ്, 1957 ആഗസ്റ്റ് 15 നാണ് ഒരു ഭരണപരിഷ്ക്കാര കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഗൗരവതരമായ ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. നിർഭാഗ്യവശാൽ ആ ഗവൺമെന്റ് അട്ടിമറിക്കപ്പെട്ടു.

മി. സ്പീക്കർ : ഓർഡർ,ഓർഡർ, എക്കണോമിക് റിവ്യൂ ഇവിടെ ലേ ചെയ്തു. ഇവിടെ വിതരണം ചെയ്യാമെന്നാണ് നിശ്ചയിച്ചിരുന്നത്. പക്ഷേ ഇപ്പോൾ അതിനുള്ള സൗകര്യമില്ല. കാരണം അത് അംഗങ്ങൾക്ക് കിട്ടുകയില്ല എന്നുള്ളത് ഉറപ്പാണ്. എം.എൽ.എ. ഹോസ്റ്റലിലെ മുറികളിൽ തന്നെ എത്തിയ്ക്കുന്നതാണ്. ആ രൂപത്തിലായിരിക്കും അതിന്റെ വിതരണം നടക്കുന്നത്.

1147/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, 1957-ലെ ഗവൺമെന്റ് ആഗസ്റ്റ് 15-ന് നിയമിച്ച ഭരണപരിഷ്ക്കാര കമ്മിഷൻ, അന്നത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ്. തന്നെ അദ്ധ്യക്ഷനായുള്ള ഭരണപരിഷ്ക്കാര കമ്മിഷൻ നൽകിയ റിപ്പോർട്ട് പ്രയോഗത്തിൽ വരുത്തുവാൻ കഴിയുന്നതിനുമുമ്പു തന്നെ ആ ഗവൺമെന്റ് അട്ടിമറിക്കപ്പെട്ടു. 1957-ൽത്തന്നെ കേന്ദ്രത്തിൽ ബൽബന്ത് റോയി കമ്മിറ്റി അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ടു. ആ കമ്മിറ്റിയുടെ ശുപാർശ ജില്ലാ പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ വികസന ഏജൻസി ആയിരിക്കണമെന്നതായിരുന്നു. നമ്മുടെ കേരളത്തിലെ ഭരണപരിഷ്ക്കാര കമ്മിഷനാണെങ്കിലും അതിനുശേഷം വന്നിട്ടുള്ളതാണെങ്കിലും, ജനാധിപത്യസ്ഥാപനങ്ങളായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ മാറ്റിത്തീർക്കണമെന്നാണ് കേരളത്തിലെ ഗവൺമെന്റ് അന്ന് വിഭാവനം ചെയ്തിരുന്നത്. ഈ ഭരണപരിഷ്ക്കാര കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958-ൽ ബിൽ തയ്യാറാക്കിയെങ്കിലും പാസ്സാക്കാൻ കഴിഞ്ഞിട്ടില്ല എന്നൊരു വസ്തുതയാണ്. 1960-കളിൽ പാസ്സാക്കിയ പഞ്ചായത്തീരാജ് നിയമത്തിൽ അന്ന് കോൺഗ്രസ്സ് ഗവൺമെന്റ് ജില്ലാ കൗൺസിലുകളെ ഒഴിവാക്കുകയാണ് ചെയ്തത്. ജില്ലാ കൗൺസിലുകൾക്ക് നാമമാത്രമായ അധികാരം നൽകുന്ന തരത്തിലാണ് 1960-കളിലെ പഞ്ചായത്തീരാജ് നിയമം വന്നത്. വീണ്ടും 1967-ൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ വന്ന ഗവൺമെന്റാണ് ജില്ലാകൗൺസിലുകൾക്ക് നിയമം കൊണ്ടുവരുന്നത്. ആ നിയമം കൊണ്ടുവന്നുവെങ്കിലും അത് നടപ്പിലാക്കുവാൻ അന്നത്തെ ഗവൺമെന്റുകൾക്കും കഴിഞ്ഞില്ല എന്നത് ചരിത്രവസ്തുതയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ ശ്രീ. ജോയി ഇവിടെ പറഞ്ഞു. അധികാരവികേന്ദ്രീകരണം രാജീവ്ഗാന്ധിയുടെ 73,74 ഭരണഘടനാ ഭേദഗതി വഴിയാണ് വന്നതെന്ന്. അത് ചരിത്രവസ്തുതകൾക്ക് നിരക്കുന്നതല്ല. അതിനുമുമ്പ് ഗൗരവതരമായ നടപടികൾ ഇവിടെ തുടങ്ങിയിരുന്നു എന്നതാണ് വസ്തുത. 73,74-ലെ ഭരണഘടനാ ഭേദഗതികൾവഴി കൊണ്ടുവന്ന പഞ്ചായത്തീരാജ് നിയമത്തിന് അനുസൃതമായി സംസ്ഥാനത്ത് നിയമം കൊണ്ടുവരാൻ തന്നെ അന്ന് അധികാരത്തിലിരുന്ന കരുണാകരൻ ഗവൺമെന്റിനോട് കേരളത്തിലെ ജനങ്ങൾ ഉജ്ജ്വലമായി സമരം ചെയ്യേണ്ടിവന്നുവെന്നതാണ് വസ്തുത. 1968-ൽ ജില്ലാ കൗൺസിലുകൾക്ക് ഇപ്പോൾ കഴിയുന്ന നിയമനിർമ്മാണം നടത്തിയിരുന്നുവെങ്കിലും അതും അന്ന് പാസ്സാക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നുള്ളത് വസ്തുതയാണ്. 1978-ൽ കേന്ദ്രസർക്കാർ നിയമിച്ച അശോക്മേത്താ കമ്മീഷനിൽ ഇ.എം.എസ്. അംഗമായിരുന്നു. 1978-ൽ കേന്ദ്രസർക്കാർ നിയമിച്ച അശോക് മേത്താ കമ്മിഷനിൽ സഖാവ് ഇ.എം.എസ്. അവതരിപ്പിച്ച വിയോജനക്കുറിപ്പാണ് ഇന്ന് നാം നടപ്പിലാക്കുന്ന അധികാരവികേന്ദ്രീകരണത്തിന്റെ മാഗ്നാ കാർട്ടയായി മാറിയിട്ടുള്ളത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ജനാധിപത്യ സ്ഥാപനങ്ങളാക്കി മാറ്റുവാനുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടി അന്ന് എഴുതി അവതരിപ്പിച്ച വിയോജനക്കുറിപ്പാണ് അധികാരവികേന്ദ്രീകരണത്തിന്റെ മാഗ്നാകാർട്ടയായി മാറിയിട്ടുള്ളത് എന്നത് ചരിത്ര വസ്തുതയാണ്. 1979-ൽ ജില്ലാ കൗൺസിൽ നിയമം പാസ്സാക്കിയെങ്കിലും അന്ന് വീണ്ടും വന്ന ഗവൺമെന്റുകൾ അത് നടപ്പിലാക്കുവാൻ സന്നദ്ധമായില്ല. 1987-ൽ വീണ്ടും നായനാർ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴാണ് ജില്ലാ കൗൺസിലുകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുവാൻ ജില്ലാ കൗൺസിലുകൾ അധികാരവികേന്ദ്രീകരണം പ്രയോഗത്തിൽ വരുത്തുവാൻ- 1987-ൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റാണ് - സന്നദ്ധമായത്. നിർഭാഗ്യവശാൽ 1991-ൽ

പിന്നീട് അധികാരത്തിൽ വന്ന കരുണാകര ഗവൺമെന്റ് ഒരു എക്സിക്യൂട്ടീവ് ഉത്തരവിൽക്കൂടി ജില്ലാ കൗൺസിലുകളെ നോക്കുകുത്തിയാക്കുന്ന അനുഭവമാണ് ഉണ്ടായിട്ടുള്ളത്. 73,74 ഭരണഘടനാ ഭേദഗതികളോടുകൂടി ജില്ലാ കൗൺസിലുകളെ പിരിച്ചുവിടുക എന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തി. 250 കോടി രൂപയാണ് 1987-ലെ ഗവൺമെന്റ് ജില്ലാ കൗൺസിലുകൾക്ക് മാറ്റിവച്ചതെങ്കിൽ കരുണാകര ഗവൺമെന്റ് വന്നതിനുശേഷം അവരിതിനെ ഇല്ലായ്മ ചെയ്തുകൊണ്ട് കേവലം 2 കോടി രൂപ മാത്രമാണ് കൊടുത്തിരിക്കുന്നത്. ഈ രണ്ടു കോടി രൂപ മാത്രം കൊടുത്തുകൊണ്ട് ജില്ലാ കൗൺസിലുകളെ ഇല്ലായ്മ ചെയ്യാൻ നടപടി സ്വീകരിച്ചതിൽനിന്നും വ്യത്യസ്തമായി, വീണ്ടും അധികാരത്തിൽവന്ന 1996-ലെ ഗവൺമെന്റാണ് ഇന്ന് കേരളത്തിൽ നടപ്പിലാക്കുന്ന തരത്തിലുള്ള പഞ്ചായത്തീരാജ് നിയമനിർമ്മാണ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഈ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ പൂർണ്ണമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെന്നത് തദ്ദേശ സ്വയംഭരണ ഭരണകൂടമാകുന്ന തരത്തിലുള്ള, ജനാധിപത്യ സ്ഥാപനങ്ങളാക്കി മാറ്റിത്തീർത്തിട്ടുള്ളത്. ഇപ്പോൾ ഈ ഗവൺമെന്റ് കഴിഞ്ഞ 3 വർഷങ്ങളിലായി മൂവായിരത്തോളം കോടി രൂപയാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി കൊടുത്തിട്ടുള്ളത്. മൂവായിരത്തോളം കോടി രൂപ കൊടുക്കുമ്പോൾ ഒട്ടേറെ മേഖലകളിൽ ഫലപ്രദമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പഞ്ചായത്തീരാജ് നിയമഭേദഗതി വഴി 20 വകുപ്പുകളിൽ ഭേദഗതി വരുത്തിക്കൊണ്ട് അധികാരം താഴോട്ട് കൊടുത്തത്. ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയിൽവച്ച് എന്താണ് ജനങ്ങൾക്ക് ആവശ്യമെന്നുകണ്ട് കാര്യങ്ങൾ തീരുമാനിക്കാനും അതിനനുസരിച്ച് പദ്ധതിയുണ്ടാക്കുവാനും കഴിയുന്ന വിധത്തിൽ ജനകീയാസൂത്രണമെന്ന പ്രസ്ഥാനം, ചരിത്രപ്രസിദ്ധമാകുന്ന പ്രസ്ഥാനം, മുഖേന അധികാരം ജനങ്ങളിലേയ്ക്ക് കൊടുക്കുവാൻ, പണം ജനങ്ങളിലേയ്ക്ക് കൊടുക്കുവാൻ, ജനങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ട് 'ജനങ്ങൾ പ്രജ' എന്ന കാഴ്ചപ്പാടിൽ മാറ്റം വരുത്തിക്കൊണ്ട് ജനാധിപത്യഭരണക്രമത്തിൽ ജനങ്ങളാണ് അധികാര കേന്ദ്രങ്ങൾ. എന്നതു പ്രയോഗത്തിൽ വരുത്തിക്കൊണ്ട് നടത്തിയ നിയമനിർമ്മാണമാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്.

ഈ അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ മൂന്നു വർഷക്കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്, കൂടുതൽ അധികാരം താഴേയ്ക്കു കൊടുക്കണമെന്നും ഈ സ്ഥാപനങ്ങളെ കൂടുതൽ ഫലപ്രദമാക്കണമെന്നുമുള്ള പ്രായോഗികമായ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ്, ഇപ്പോൾ മുപ്പത്തിനാലോളം ആക്ടുകളിൽ ഭേദഗതി വരുത്താനും മൂന്നു നിയമങ്ങൾ റദ്ദ് ചെയ്യാനും ഈ ഗവൺമെന്റ് സന്നദ്ധമായത്. ഇത് കേരളത്തിന്റെ ചരിത്രത്തിൽ, അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ചരിത്രത്തിൽ, വളരെ നിർണ്ണായകമായ ഒരു ചുവടുവയ്പ്പാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. വിദ്യാഭ്യാസരംഗത്ത് ഇതോടുകൂടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ അതോറിറ്റി രൂപീകരിക്കുകയാണ്. അതുപോലെതന്നെ ആരോഗ്യരംഗത്ത് ലോക്കൽ അതോറിറ്റി റ്റു മാനേജ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന തലത്തിലേയ്ക്ക് ഏജൻസികൾ വരികയാണ്. കാർഷിക മേഖലകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ജനങ്ങളെ പൂർണ്ണമായി വിശ്വാസത്തിലെടുത്ത് അധികാരവികേന്ദ്രീകരണം പ്രയോഗത്തിൽ വരുത്തുമ്പോൾ കേരളത്തിന്റെ ഗ്രാമങ്ങൾ തോറുമാണ് ഉയർത്തെഴുന്നേൽപ്പു വരുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൊല്ലം ജില്ലാ പഞ്ചായത്ത്,

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഈ മൂന്നു ജില്ലാ പഞ്ചായത്തുകൾ ജനകീയാസൂത്രണ പദ്ധതികൾവഴി സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലേയ്ക്ക് കടക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. മണിക്കൂറുകളോളം എടുത്താലും തീരാത്തത്ര വികസന പ്രക്രിയയുടെ തിളങ്ങുന്ന ഏടുകളാണ് ഓരോ ഗ്രാമപഞ്ചായത്തും കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നുകാണാം. കുടിവെള്ളത്തിന്റെ രംഗത്ത്, അതുപോലെ വൈദ്യുതിയുടെ രംഗത്ത്, വൈദ്യുതി വിതരണരംഗത്ത്, ഇറിഗേഷന്റെ രംഗത്ത്, പ്രാദേശികമായ വികസന പ്രക്രിയയുടെ രംഗത്ത്, കാർഷിക മേഖലയിൽ ഒക്കെ- ഒട്ടേറെ അഭിമാനകരമായ നേട്ടങ്ങളാണ് കഴിഞ്ഞ 3 വർഷത്തിനിടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കേരളത്തിലെ ജനങ്ങൾക്ക് നേരിട്ട് അനുഭവിക്കുന്ന തലത്തിലേയ്ക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നത് ഒരു വസ്തുതയാണ്.

ഈ 3 വർഷത്തെ അനുഭവം എടുത്തു നോക്കിയാൽ ഇനിയും കുറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഇപ്പോൾ പഞ്ചായത്തുകൾക്ക് ഒട്ടേറെ അദ്ധ്വാനഭാരം വന്നു. കൂടുതൽ അധികാരം അവരിലേയ്ക്ക് ലഭ്യമായതോടുകൂടി അതിനനുസൃതമായ സ്റ്റാഫ് പാറ്റേൺ കൊടുക്കപ്പെട്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ല. ഭരണപരിഷ്ക്കാരകമ്മിറ്റി ഇവിടെ ഇപ്പോഴും വച്ചിട്ടുണ്ട്. ഈ ഭരണപരിഷ്ക്കാര കമ്മിഷന്റെ റിപ്പോർട്ട് ഒന്നുംതന്നെ പ്രയോഗത്തിൽ വരുത്തുവാൻ ഈ കാലയളവിൽ കഴിയുമോ എന്നുള്ളകാര്യം ഞങ്ങൾക്കറിയില്ല. ഒരു വസ്തുതയുണ്ട്. ഇത് അനന്തമായി നീട്ടിനീട്ടി കൊണ്ടുപോയി ഭരണം സുതാര്യമാക്കാൻ ജനങ്ങൾക്ക് അതിന്റെ ഗുണഫലം വേഗത്തിൽ ലഭ്യമാക്കാൻ കഴിയുന്ന നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾത്തന്നെ സാങ്കേതിക വിദഗ്ദ്ധർ പഞ്ചായത്ത് സമിതികൾക്ക് വളരെ കുറവാണ്. കേരളത്തിലെ കെ.ഐ.പിയിൽ യാതൊരു ജോലിയും ചെയ്യാതെ എത്ര എഞ്ചിനീയർമാരാണ് ഇരിക്കുന്നത്? അതുപോലെ ഇറിഗേഷൻ, അതുപോലെ പി.ഡബ്ല്യു.ഡി. പല റോഡുകളും താഴേയ്ക്ക് കൊടുത്തതോടുകൂടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ, പി.ഡബ്ല്യു.ഡി.യിലെ, കെ.ഐ.പി.യിലെ, നിരവധി സാങ്കേതിക എഞ്ചിനീയർമാരടക്കമുള്ളവർ നോക്കുകുത്തികളായിരിക്കുന്നുണ്ട്. അത് വളരെ പ്രായോഗികമായിട്ട് അവരുടെ സർവീസ് സംഘടനകളുമായി ചർച്ച ചെയ്ത് അത്യാവശ്യം വേണ്ട മാറ്റങ്ങൾ വരുത്തി ഈ ജനാധിപത്യ സ്ഥാപനങ്ങളെ ഗ്രാമ-ബ്ലോക്ക്-ജില്ലാ സ്ഥാപനങ്ങളെ, ശക്തിപ്പെടുത്താൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. പെൻഷനടക്കമുള്ള മിക്കവാറും കാര്യങ്ങൾ ഗ്രാമപഞ്ചായത്തിലേയ്ക്ക് വന്നതോടുകൂടി അവർക്ക് തറയിൽ നിൽക്കാനാകാത്ത വിധത്തിൽ ജോലിഭാരം കൂടുകയാണ്. അധികാരം താഴേയ്ക്ക് കൊടുക്കുമ്പോൾ അതിന് അനുസൃതമായ ജീവനക്കാരെക്കൂടി താഴേയ്ക്ക് കൊടുക്കുന്നില്ല എന്ന ഗൗരവതരമായ സ്ഥിതിയുണ്ട്. തീരെ കൊടുക്കുന്നില്ല എന്നല്ല. കുറെയേറെ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ പോരാ എന്നത് വസ്തുതയാണ്. കുറച്ചു കൂടുതൽ കൂടി കൊടുക്കാൻ കഴിയണം. ട്രഷറി ഡിപ്പാർട്ടുമെന്റിൽ അതുപോലുള്ള പ്രശ്നമുണ്ട്. കുറെ ജില്ലാ ബാങ്കുകളും അതുപോലെ എ.ജി.സും ഒക്കെ നടപ്പിലാക്കിയിരുന്ന കുറെയേറെ പണികൾ അവരിലേയ്ക്ക് വരുമ്പോൾ അതിനനുസൃതമായ സ്റ്റാഫ് പാറ്റേൺ അവിടെ കൊടുക്കുന്നില്ല എന്ന പ്രശ്നമുണ്ട്. ജനങ്ങൾക്ക് കൂടുതൽ ഗുണകരമായ കാര്യങ്ങൾ നടപ്പിലാക്കപ്പെടുമ്പോൾ അത് പ്രയോഗത്തിൽ വരാൻ, ജനങ്ങൾക്ക് അത് അനുഭവവേദ്യമാകാൻ കഴിയുന്ന തരത്തിൽ ഒരു മാറ്റമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. ആന്റണി രാജു)

അവരെ അത്തരത്തിൽ മാറ്റേണ്ടതുണ്ട്. അവരുടെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തുനിന്ന് അധികാരം താഴേയ്ക്കുപോയി എന്നു നാം അഭിമാനിക്കുമ്പോൾ ഇന്ന് നമ്മുടെ ഭരണവകുപ്പു തലവൻമാരുടെ സമീപനത്തിൽ എല്ലാവരും കുഴപ്പക്കാർ എന്നു ഞാൻ പറയുന്നില്ല. വേണ്ടത്ര പൂർണ്ണമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. സാങ്കേതികമായ വിദഗ്ദ്ധർ തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റിൽ ഇരിക്കുക എന്ന സ്ഥിതി മാറി ഗ്രാമങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ, അവരുടെ അനുഭവസമ്പത്ത് താഴേയ്ക്ക് പകർന്നുകൊടുക്കാൻ, അങ്ങനെ അധികാര വികേന്ദ്രീകരണമെന്നത് ഒരു യാഥാർത്ഥ്യമാക്കാൻ, ജനങ്ങൾക്ക് അത് നേരിട്ട് അനുഭവപ്പെടുന്ന തരത്തിലേയ്ക്ക് അനുഭവവേദ്യമാകുന്ന തരത്തിലേയ്ക്ക് കാര്യങ്ങളെ കുറെക്കൂടി വേഗത്തിൽ കൊണ്ടുവരാൻ, കഴിയേണ്ടതുണ്ട്. അതു കൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിൽ, കെ.ഐ.പി. യിൽ, പി.ഡബ്ല്യു.ഡി. യിൽ ഇറിഗേഷനിലൊക്കെയുള്ള ജീവനക്കാരെ കുറെക്കൂടി താഴേയ്ക്ക് കൊടുക്കുന്ന തരത്തിൽ കാര്യങ്ങൾ വരണം. അതുപോലെ പി.ഡബ്ല്യു.ഡി. യിൽ ഒരു കൺസ്ട്രക്ഷൻ കോർപ്പറേഷനുണ്ട്. അതൊരു വെള്ളാനയാണ്. കുറെയാളുകളെ തീറ്റിപോറ്റുക എന്നല്ലാതെ കോടികളുടെ നഷ്ടം ഉണ്ടാക്കുന്ന ഈ വെള്ളാനയെ അവിടെ എന്തിനാണ്? അതുപോലെ ഡ്രെഡ്ജിംഗ് കോർപ്പറേഷൻ: അത് മറ്റൊരു വെള്ളാനയാണ്. നഷ്ടത്തിൽ നിന്നും നഷ്ടത്തിലേയ്ക്ക് കാര്യങ്ങളെ കൊണ്ടുപോകാൻ അല്ലാതെ നാടിനോ ജനങ്ങൾക്കോ ഗുണകരമല്ലാത്ത ഇത്തരത്തിലുള്ള കോർപ്പറേഷനുകളുണ്ട്. അടിയന്തിരമായി ഈ പഞ്ചായത്തീരാജ് നിയമത്തിൽ വരുത്തുന്ന ഭേദഗതികൾ പോലെ ഭരണ പരിഷ്കാരകമ്മിറ്റിയുടെ റിപ്പോർട്ട് അടിയന്തിരമായി വാങ്ങി പ്രയോഗത്തിൽ വരുത്താനുള്ള രാഷ്ട്രീയമായ ഇച്ഛാശക്തി കൂടി ഗവൺമെന്റ് കാണിക്കേണ്ടതുണ്ട്. വേണ്ടെന്നു തോന്നുന്ന കാര്യങ്ങളെ വേണ്ടെന്നു വയ്ക്കാൻ, വേണ്ടിടത്തേയ്ക്ക് ആളുകളെ ഡിപ്ലോയ് ചെയ്തു കൊടുക്കാൻ കഴിയുന്ന തരത്തിൽ ഒരു ഉറച്ച സമീപനവും അത് നടപ്പിലാക്കാനുള്ള ഒരു ഇച്ഛാശക്തിയും പ്രകടിപ്പിച്ചുവെങ്കിൽ മാത്രമേ നാം ഈ നടപ്പിലാക്കുന്ന അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന നിയമനിർമ്മാണത്തിന്റെ ഗുണഫലം ജനങ്ങൾക്ക് അനുഭവവേദ്യമാകൂ. അതുകൊണ്ട് എനിക്കു പറയാനുള്ളത്, കുറച്ചു കൂടി വേഗതയിൽ കാര്യങ്ങൾ കൊണ്ടുപോകണം. ഇതിനകത്തെ ആക്ടുകൾ വഴി പഞ്ചായത്തുകൾക്ക് ടാക്സ് പിരിക്കാനുള്ള അധികാരം വരുന്നുണ്ട്. പഞ്ചായത്തുകൾക്ക് ആരോഗ്യരംഗത്ത് പ്ലാനിംഗ് നടത്താനുള്ള അധികാരം വരുന്നുണ്ട്. ആരോഗ്യ സ്ഥാപനങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് പവേഴ്സ് പൂർണ്ണമായി ലഭിക്കുന്നുണ്ട്. നാടിനു ചേരുന്ന വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള അവകാശങ്ങൾ ഉറപ്പാക്കുന്നുണ്ട്. ഇത്തരം മേഖലകളിൽ ലഭ്യമാക്കുന്ന അധികാരങ്ങളും അവകാശങ്ങളും ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാകുക എന്ന സുപ്രധാനമായ കടമയിലേയ്ക്കാണ് നമുക്ക് പോകേണ്ടത്. അതിനു കഴിയുന്ന തരത്തിൽ സംസ്ഥാന ഗവൺമെന്റും ജില്ലാ ഭരണകൂടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനങ്ങളും ഉദ്യോഗസ്ഥൻമാരും പരസ്പരം സമന്വയത്തോടുകൂടി പോകണം. അധികാരം എന്നൊക്കെ പറയുമ്പോൾ പരസ്പരം തർക്കത്തിന്റേതായ രീതിയിലേയ്ക്കല്ല പോകേണ്ടത്. ജനങ്ങളാണ് നമ്മുടെ മുന്നിലെ ലക്ഷ്യം എന്ന് കണ്ടുകൊണ്ട് അവരെ സഹായിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് പോകണം. അതിനു കഴിയുന്ന തരത്തിൽ വളരെ നിർണ്ണായകമാകുന്ന തരത്തിൽ അവത

LIBRARY ARCHIVES Kerala Legislative Assembly

രിപ്പിച്ചിട്ടുള്ള ഈ ഭേദഗതി അതിവേഗം പാസ്സാക്കിക്കൊണ്ട് അധികാരവികേന്ദ്രീകരണം എന്ന സ്വപ്നം, ആ യഥാർത്ഥ്യം കൂടുതൽ ഭംഗിയായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്.

ശ്രീ. പി.സി. ജോർജ്ജ് : സർ, വളരെയേറെ സന്തോഷത്തോടുകൂടിയാണ് ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ സംസാരിക്കുന്നത്. എനിക്ക് ആകെ ദുഃഖമുള്ളത്, ഇത് കേൾക്കേണ്ടവർ ഇവിടെ ഇല്ലല്ലോ എന്നാണ്. ഈ നിയമസഭ ചേർന്നതിനുശേഷം നടന്നതിൽ ജനങ്ങൾക്ക് അധികാരം കൊടുക്കുന്ന ഏറ്റവും പ്രമുഖമായ ഒരു നിയമനിർമ്മാണമാണ് ഈ സഭ നടത്താൻ പോകുന്നത്. സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 52 വർഷമായി. 52 വർഷമായി

[12 Noon]

എങ്കിലും- രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്ന മഹാനായ രാഷ്ട്രപിതാവ് ഈ രാജ്യത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ് എന്ന് അധികാരത്തിലേയ്ക്കു വന്ന അന്നത്തെ ഇന്ത്യൻ സായിപ്പുമാരോട് പറയുകയുണ്ടായി, ആ ഇന്ത്യയിലെ ആത്മാവ് കണ്ടെത്താൻ ഗ്രാമങ്ങളിലേയ്ക്ക് പോകാൻ രാഷ്ട്രപിതാവ് ഉപദേശം നൽകിയെങ്കിലും-അത് കേൾക്കാൻ തയ്യാറാകാത്ത 8 പഞ്ചവൽസര പദ്ധതികളാണ് ഈ രാജ്യത്തിന്റെ പുരോഗതിയെ തടഞ്ഞത് എന്ന വസ്തുത നിഷേധിക്കാൻ നമുക്ക് കഴിയില്ല. ആ സാഹചര്യത്തിലാണ് 9-ാം പഞ്ചവത്സര പദ്ധതിയെ ജനകീയപദ്ധതിയാക്കി മാറ്റിക്കൊണ്ട് ഗ്രാമീണമേഖലയുടെ സമഗ്രമായ വികസനം ലാക്കാക്കിക്കൊണ്ടുള്ള നിയമനിർമ്മാണവുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തിച്ചു തുടങ്ങിയത്. നമുക്കറിയാം, നാളിതുവരെയായി രാജ്യത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ മാത്രമാണുണ്ടായിരുന്നത്. ആ നില മാറ്റിക്കൊണ്ട് ഈ രാജ്യത്ത് 5 ഗവൺമെന്റുകൾ-താഴെത്തട്ടിൽ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ഉൾപ്പെടെ പൂർണ്ണമായി അധികാരാവകാശങ്ങളുള്ള 3 ഗവൺമെന്റുകൾ കൂടി രൂപീകരിക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. അത് നിസ്സാര കാര്യമല്ല. നിസ്സാര കാര്യങ്ങൾക്കുപോലും തിരുവനന്തപുരത്തേയ്ക്ക് ഓടിക്കൊണ്ടിരുന്ന നമ്മുടെ ആളുകൾക്ക് ഗ്രാമങ്ങളിൽക്കൂടിത്തന്നെ, ഗ്രാമപഞ്ചായത്തുകളിൽക്കൂടിത്തന്നെ, ഇല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തിലൂടെ അല്ലെങ്കിൽ അതിനപ്പുറത്താണെങ്കിൽ ജില്ലാ പഞ്ചായത്തിലൂടെ, നാടിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്ന സംവിധാനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രയത്നം, അതിന്റെ ഒരു ഭാഗമാണ് ഈ ബിൽ. ആ ബില്ലിനെ ആർക്കാണ് എതിർക്കാൻ കഴിയുന്നത്? ഞാൻ ഒരു ഉദാഹരണം പറയാം. ബഹു. മെഴ്സിക്കുട്ടി അമ്മ സംസാരിച്ചപ്പോൾ ഉദ്യോഗസ്ഥൻമാരുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. വളരെ നിസ്സാരമാണ്. പി.ഡബ്ല്യു.ഡി.യിൽ മാത്രം നൂറു നൂറു കാര്യങ്ങളുണ്ട്. ഒന്നുമാത്രം പറയാം. ഏതെങ്കിലും ഒരു പ്രദേശത്ത് ഒരു റോഡിന് എസ്റ്റിമേറ്റെടുക്കുന്നു. അതെടുക്കുന്നത് പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസറും എൻജിനീയറും അവിടത്തെ ഓവർസിയറുമൊക്കെക്കൂടെയാണ്. അയാൾ ആ ഫയൽ എക്സിക്യൂട്ടീവ് എൻജിനീയർക്ക് അയയ്ക്കുന്നു. അസിസ്റ്റന്റ് എൻജിനീയർ ഒപ്പിട്ട ആ ഫയൽ നേരെ അസിസ്റ്റന്റ് എക്സി. എൻജിനീയർക്ക് വരുന്നു. ആ ഓഫീസിൽ വരുമ്പോൾ അസി.എക്സി.എൻജിനീയർ അല്ല അത് നോക്കുന്നത്. ആ ഓഫീസിലുള്ള ആരോ ഏഴോ ക്ളാർക്കുമാരും ഉദ്യോഗസ്ഥൻമാരും അത് പരിശോധിച്ച് 'കൊറി'യിടുന്നു. അസി.എക്സി.എൻജിനീയർ ഒപ്പിട്ട ആ ഫയൽ എക്സി.എൻജിനീയർ(ഡിവിഷൻ)-ന് കൊടുക്കുന്നു. അദ്ദേഹം ഏതധികാരമുള്ള ഉദ്യോഗസ്ഥനാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് നമുക്കറിയാം. അദ്ദേഹമാണ് ഫയൽ നോക്കുന്നത്. സബ് ഡിവിഷനിലെ അസി.എക്സി.എൻജിനീയർ ഒപ്പിട്ട ഫയൽ പരിശോധിക്കുന്നത് എക്സി.എൻജിനീയറുടെ ഓഫീസിൽ അല്ലെങ്കിൽ ഡിവിഷൻ ഓഫീസിലുള്ള ക്ളാർക്കുമാരാണ്. എൽ.ഡി.ക്ളാർക്കും യു.ഡി.ക്ലാർക്കുമാണ് അത് നോക്കുന്നത്. അസി.എക്സി.എൻജിനീയർ നോക്കിയ ഫയലിൽ കുറിയിടുന്നത് എൽ.ഡി.ക്ലാർക്കാണ്. അവിടെനിന്ന് എക്സി.എൻജിനീയർ ഒപ്പിട്ട് സർക്കുലേറ്റു ചെയ്ത് അയച്ചാൽ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ വരും. എക്സിക്യൂട്ടീവ് എൻജിനീയർ ഒപ്പിട്ട ആ ഫയൽ പരിശോധിക്കുന്നത് ആരാണ്? എക്സി.എൻജിനീയറേക്കാൾ കൂടുതൽ അധികാരമുള്ള ആളായിരിക്കണം. അതല്ലേ മര്യാദ. അവിടെ എന്താണ് ചെയ്യുന്നത്. സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിലുള്ള ആറേഴ് ക്ലാർക്കുമാർ പരിശോധിച്ച് ബെഞ്ച് കയറിതിരിച്ച് സൂപ്രണ്ടിംഗ് എൻജിനീയറുടെ മുമ്പിൽ വരുന്നു. അദ്ദേഹം അതിൽ ഒപ്പിടുകയാണ്. ഒപ്പിട്ടശേഷം ചീഫ് എൻജിനീയറുടെ ഓഫീസിൽ അയയ്ക്കുന്നു. അത് ചീഫ് എൻജിനീയറുടെ ഓഫീസിൽ ചെന്നാൽ ചീഫ് എൻജിനീയറല്ലേ നോക്കേണ്ടത്. അല്ലെങ്കിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നോക്കട്ടെ. അവിടെ നടക്കുന്നത് ഇപ്പോഴത്തെ നിലയാണെങ്കിൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ 7 മേശയിൽക്കൂടി കടന്നാണ് ചീഫ് എൻജിനീയറുടെ മുമ്പിലെത്തുന്നത്. സൂപ്രണ്ടിംഗ് എൻജിനീയറെപോലുള്ള ഉന്നതനായ ഉദ്യോഗസ്ഥൻ ഒപ്പിട്ടയച്ച ആ ഫയൽ ചീഫ് എൻജിനീയർ കാണണമെങ്കിൽ അദ്ദേഹത്തിന്റെ മുകളിലായി ഏഴു ക്ലാർക്കുമാർ പരിശോധിച്ച് മുകളിലേയ്ക്ക് ചെല്ലണം! ഇതിന്റെയൊക്കെ ആവശ്യമുണ്ടോ? ഇതിനൊക്കെ പരിഹാരമുണ്ടാകണ്ടേ? എത്ര വർഷം പോയി! ഈ രാജ്യത്തിന്റെ പുരോഗതിയെ നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള ഫയൽ സംവിധാനമല്ലേ ഇത്? അത് സെക്രട്ടേറിയറ്റിൽ ചെന്നാൽ എന്താണ് ഗതി? എത്ര സെക്ഷൻ കടക്കണം! എത്ര സെക്ഷൻ കടന്നാണ് സെക്രട്ടറിയുടെ മുമ്പിൽ വരുന്നത്! ചീഫ് എൻജിനീയർ ഒപ്പിട്ട ഫയൽ പോലും കാണാൻ ചീഫ് എൻജിനീയറുടെ പകുതിപോലും യോഗ്യതയില്ലാത്ത ആളുകൾ പരിശോധിക്കുന്ന സംവിധാനം. ഇതിനൊക്കെ ഒരു മാറ്റം വരുത്തിയേ മതിയാവൂ. നാടിന് നന്മ ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ അത് ആഗ്രഹിക്കുന്നവരാണെങ്കിൽ ഇതിനൊക്കെ എതിരായി സംസാരിക്കാൻ കഴിയുകയില്ല. ഞാൻ ഉദാഹരണം മാത്രം ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. നിയമത്തിലൊക്കെ മാറ്റങ്ങളുണ്ടാകണം. പഴയ സംവിധാനം, ബ്രിട്ടീഷുകാർ ഉണ്ടാക്കി വച്ച ആ സംവിധാനം, അതേപടി തുടരുന്ന ഗതികേടാണ് ഈ രാജ്യത്തുള്ളത്. അത് മാറ്റാനുള്ള പ്രവർത്തനം വേണ്ടേ? ഒരു ജനകീയ ഗവൺമെന്റ് എന്ന നിലയിൽ ഈ വക പ്രശ്നങ്ങൾക്ക് തീരുമാനമെടുത്തുകൊണ്ട് മുന്നോട്ടു പോകാനുള്ള തന്റേടം കാണിച്ചേ മതിയാകൂ. അതിന്റെ ഭാഗമായി ഈ നിയമത്തെ ഞാൻ കാണുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിനെ അനുകൂലിക്കുന്നുവെന്ന്. ഇപ്പോൾ എന്താണ് പ്രതിപക്ഷം ചെയ്തിരിക്കുന്നത്? ഇന്ന് സബ്മിഷൻ സമയത്ത് വാക്കൗട്ട് നടത്തി. അങ്ങിവിടെ ഉണ്ടായിരുന്നല്ലൊ. അതുകഴിഞ്ഞ് തിരിച്ച് കയറിവന്നു. വെറും വാക്കൗട്ട് പാർട്ടിയായിട്ട് മാറിയിരിക്കുകയല്ലേ പ്രതിപക്ഷം? ഇത് അപമാനമല്ലേ? ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഉപദേശം എനിക്ക് മനസ്സിലായില്ല. തിരിച്ച് കടന്നുവന്നു. പോയിട്ട് നമ്മളാരെങ്കിലും അവരെ ഇങ്ങോട്ട് വിളിച്ചോ? ആരും വിളിച്ചില്ല. വീണ്ടും കയറിവന്നു. വീണ്ടും വാക്കൗട്ട് നടത്തി. ഇന്നത്തേക്കാണെന്നു പറഞ്ഞു. ദിവസം മുഴുവൻ വാക്കൗട്ട് നടത്തിയിരിക്കുകയാണ്. ബോയിക്കോട്ട് ചെയ്തിരിക്കുകയാണ്. വാക്കൗട്ട് ബോയിക്കോട്ടായി. ഇനി എന്താകും? ഇതുപോലുള്ള പ്രധാ

LIBRARY ARCHIVES Kerala Legislative Assembly

നപ്പെട്ട നിയമമുണ്ടാക്കുമ്പോൾ .....പോട്ടെ. അവർ. എന്നെന്നേയ്ക്കുമായി പോട്ടെ. കേരള സംസ്ഥാനം രക്ഷപ്പെടണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. സംശയം വല്ലതുമുണ്ടോ അവർ അവിടെയിരുന്നിട്ടും കാര്യമില്ല. ഇതുപോലെ രാജ്യത്തിന്റെ പ്രധാനപ്പെട്ട ഗ്രാമീണമേഖലയ്ക്ക് സമഗ്രമായ മാറ്റം വരുത്തുന്നതിനുവേണ്ടി ഗ്രാമീണമേഖലയിലുള്ള ചെറിയ ചെറിയ ഗവൺമെന്റുകൾ- അതിനു അധികാരം കൊടുക്കുന്നതിന് ഉണ്ടാക്കുന്ന ഈ നിയമത്തെപ്പറ്റി അവർ ചർച്ച നടത്തേണ്ടവരല്ലേ? ആ ചർച്ച നടത്തി തീരുമാനമെടുക്കേണ്ടവരല്ലേ? ഇന്ന് നിയമമുണ്ടാക്കുകയല്ലേ?

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : പ്രതിപക്ഷം നിയമസഭയുടെ കവാടത്തിലേയ്ക്കാണ് പോയത്. ഇനി അവർ എത്തിപ്പെടേണ്ട സ്ഥലം കവാടമാണെന്ന് അറിയാവുന്നതുകൊണ്ട് അതിന്റെ റിഹേഴ്സലിനുവേണ്ടി കൂടെ പോയതാണ്.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : ശ്രീ. ബാലൻ വൈദ്യർ പറഞ്ഞത് തെറ്റിപ്പോയി. കവാടമൊന്നുമില്ല. കവാടം പോയിട്ട് വാച്ചിലുപോലും ഇരിക്കാൻ അവർ യോഗ്യരല്ല. മനസ്സിലായില്ലേ? ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഇങ്ങോട്ടു പോരുമോ? യഥാർത്ഥത്തിൽ ഈ രാജ്യത്തിലെ കുറെ കുത്തകപ്പത്രങ്ങൾ എഴുതുന്ന വാർത്തകൾ വായിച്ചുകൊണ്ട് അതിന്റെയടിസ്ഥാനത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി മുഴുവൻ തകർന്നു എന്നുവിചാരിച്ച് ഇപ്പോഴും ഹാലിളകി നടക്കുകയാണ്. 32-ഓളം പ്രാദേശിക തെരഞ്ഞെടുപ്പുകൾ ബ്ലോക്ക് ഗ്രാമ പഞ്ചായത്തിൽ നടന്നു. 27 എണ്ണത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥികൾ ജയിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ തലനാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ 1,500 വോട്ടിന്റെ ഭൂരിപക്ഷത്തിന് കഴിഞ്ഞ തവണ ജയിച്ചതാണ്. കഴിഞ്ഞ തവണ ജയിച്ചയാൾ കോൺഗ്രസുകാരനായിരുന്നു. അയാൾക്ക് റിസർവ് ബാങ്കിൽ ജോലികിട്ടി. അയാൾ മെമ്പർസ്ഥാനം രാജിവച്ച് പോയി. വീണ്ടും ഇലക്ഷൻ നടന്നു. 1,300 വോട്ടിന്റെ ഭൂരിപക്ഷത്തിന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥി ജയിച്ചു. അപ്പോൾ ജനം ഇടതുപക്ഷ മുന്നണിയുടെ കൂടെയാണോ അവരുടെ കൂടെയാണോ? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് 1,500 വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ച സ്ഥാനത്താണ് തിരിച്ച് 1,300 വോട്ടിന്റെ ഭൂരിപക്ഷത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥി ജയിച്ചത്. ഈ രാജ്യത്ത് കുത്തകപ്പത്രങ്ങൾ കള്ള പ്രചരണങ്ങൾ നടത്തി ഈ ഗവൺമെന്റിനെ തകർക്കാൻ നോക്കുകയാണ്. അങ്ങനെ എത്ര നോക്കിയാലും ഈ രാജ്യത്തെ ഇടതുപക്ഷമുന്നണിയുടെ ആത്മാർത്ഥതയുള്ള പ്രവർത്തകന്മാരെയാണ് കാണാൻ സാധിക്കുന്നത്. ഗ്രാമഗ്രാമങ്ങളിൽ നടന്ന് ഈ വക നിയമങ്ങളുണ്ടാക്കിക്കൊണ്ട് രാജ്യത്തിലെ ജനങ്ങൾക്ക് ചെയ്തുകൊടുക്കുന്ന ഗുണങ്ങളെപ്പറ്റി ജനങ്ങളെ ബോധ്യപ്പെടുത്തി വീണ്ടും ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വരും. ആർക്കും സംശയം വേണ്ട. പത്രമെഴുതിയതുകൊണ്ട് ഭയപ്പെടാൻ ഇടതുപക്ഷമുന്നണിയുടെ പ്രവർത്തകന്മാരെ കിട്ടുകയില്ല. നല്ല തന്റേടത്തോടുകൂടിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് വാക്കൗട്ടും ബോയിക്കോട്ടും നടത്തി കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളിൽ നിന്ന് മാറിനിൽക്കുന്ന പ്രതിപക്ഷ പാർട്ടികളുടെ തെറ്റായ നടപടികളോടുള്ള അമർഷം കൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്. ഇവിടെ പ്രതിപക്ഷമില്ലാത്ത നിലയിൽ പ്രസംഗിക്കേണ്ടിവന്നല്ലോ എന്നൊരു ബുദ്ധിമുട്ടുണ്ട്. പ്രതിപക്ഷം വളരെ ബോധപൂർവ്വമാണ് ഈ സഭ ബഹിഷ്ക്കരിച്ചത്. കാരണം എല്ലാ കാലത്തും അധികാരവികേന്ദ്രീകരണത്തെ എതിർത്ത പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്. അധികാര വികേന്ദ്രീകരണത്തെ എതിർത്ത് അതുനാട്ടിൽ പറയാൻ രക്ഷയില്ലാതെ വന്നപ്പോൾ ഞങ്ങളാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആൾക്കാരെന്ന് കോൺഗ്രസ്സ് പറയുകയും ചെയ്തു. ഇന്നത്തെ ദിവസം ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ വളരെ പ്രധാനപ്പെട്ട ഒരു സംഭവമായി മാറാൻ പോകുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രധാനപ്പെട്ട 35-ഓളം വരുന്ന നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് സെൽഫ് ഗവൺമെന്റ് എന്നുപറയുന്ന സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പിലാണ് കേരളത്തിലെ ഗവൺമെന്റ്. അതിന് സാക്ഷ്യം വഹിക്കാനുള്ള ധൈര്യമില്ലാത്തതുകൊണ്ടാണ് യഥാർത്ഥത്തിൽ ഇന്ന് പ്രതിപക്ഷം, എന്നുപറഞ്ഞാൽ കോൺഗ്രസ്സ്, വാക്കൗട്ട് നടത്തിയത്. ഇപ്പോൾ ഒരു കൺസ്യൂമർ കാർഡിന്റെ പേരിലാണ് ബഹിഷ്ക്കരണം. കൺസ്യൂമർ കാർഡിന്റെ കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ പരിഹരിക്കാമെന്ന് ബഹു. മന്ത്രി പറഞ്ഞു. 8 ചോദ്യങ്ങൾക്ക് മറുപടി പറയണ്ട എന്ന് അദ്ദേഹം വ്യക്തമാക്കി. എന്നാലും പോയേ അടങ്ങൂ എന്ന നിലയിലാണ്. വളരെ ദൂരവ്യാപകമായ രീതിയിൽ ഫലമുണ്ടാക്കുന്ന ഈ നിയമം നടപ്പിലാക്കുമ്പോൾ തങ്ങളുടെ സംഭാവന ചെയ്യാൻ അവർ തയ്യാറാകേണ്ടതായിരുന്നു. അവർ പറയുന്നത് അവരുടെ സന്തതിയാണ് ഈ നിയമമെന്നാണ്. എഴുപത്തിമൂന്ന് എഴുപത്തിനാല് ഭരണഘടനാ ഭേദഗതികൾ ഞങ്ങളാണ് കൊണ്ടുവന്നത് എന്നൊക്കെയാണ് അവർ പറയുന്നത്. അങ്ങനെയാണെങ്കിൽ 73,74, ഭരണഘടനാ ഭേദഗതി കേരളത്തിൽ മാത്രമല്ലല്ലോ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ ഭേദഗതി കൊണ്ടുവന്നിട്ട് എന്തുകൊണ്ട് കേരളത്തിനു മാത്രം ഇങ്ങനെയൊരു നിയമം നടപ്പിലാക്കിയതിന്റെ ഉത്തരവാദി ഞങ്ങളാണെന്ന് കോൺഗ്രസ്സ് പറയുന്നു? അവരുടെ ഗവൺമെന്റ് ഭരിച്ച സമയത്ത് ഒരു പഞ്ചായത്ത് രാജ് ആക്ട് കൊണ്ടുവന്നു എന്നുള്ളത് ശരിയാണ്. അത് ഭരണഘടനാഭേദഗതിയുടെ ഫലമായി നിർബന്ധിക്കപ്പെട്ടപ്പോൾ കൊണ്ടുവന്നതാണ്. അത് രക്ഷയില്ലാതെ വന്നപ്പോൾ കൊണ്ടുവന്നതാണ്. അങ്ങനെയെങ്കിൽ കർണ്ണാടകത്തിൽ അവരാണല്ലോ ഭരിക്കുന്നത്. അവിടെ ഇങ്ങനെ ഒരു നിയമമില്ലല്ലോ. പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുന്ന നിയമം നിങ്ങൾക്ക് കർണ്ണാടകയിൽ കൊണ്ടുവരാൻ സാധിച്ചില്ലല്ലോ. അതുപോലെ മധ്യപ്രദേശ്. മധ്യപ്രദേശിലെ മുഖ്യമന്ത്രി ഇപ്പോൾ കേരളത്തിൽ നിന്നും ഇത് കൊണ്ടുപോവുകയാണ്. ജനകീയാസൂത്രണത്തെ സംബന്ധിച്ച് പഠിക്കാൻ ആളുകളെ ഇങ്ങോട്ട് അയച്ചിരിക്കുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിലുള്ള സെൽഫ് ഗവൺമെന്റുകൾ കേരളത്തിൽ വരുമ്പോൾ അധികാരം താഴോട്ട് കൊടുക്കുന്നതിന് കോൺഗ്രസ്സ് എതിരാണ്. 1978-ൽ കൊണ്ടുവന്ന അശോക്മേത്താ കമ്മിഷന്റെ റിപ്പോർട്ടു പ്രകാരമാണ് ഒരു ഭരണഘടനാ ഭേദഗതി വന്നത്. അശോക്മേത്താ കമ്മിഷൻ റിപ്പോർട്ടിന്റെ ശുപാർശയാണ് ആവശ്യമായി വന്നാൽ ഭരണഘടനാ ഭേദഗതികൂടി കൊണ്ടുവരണം എന്നുള്ളത്. അതിനുശേഷം വീണ്ടും കോൺഗ്രസ്സ് അധികാരത്തിൽ വന്നു. വീണ്ടും കോൺഗ്രസ്സ് അധികാരത്തിൽ വന്നപ്പോൾ എന്തായിരുന്നു രാജീവ്ഗാന്ധി ചെയ്തത്? അധികാരവികേന്ദ്രീകരണമല്ല. പഞ്ചായത്തുകളെ മുഴുവൻ തന്റെ കൈപ്പിടിയിൽ ഒതുക്കുവാൻവേണ്ടി അദ്ദേഹം ബാംഗ്ലൂരിൽ

ഒരു യോഗം വിളിച്ചുചേർത്തു. ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികൾ മുഴുവൻ അതിനെ എതിർത്തു. കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിമാർ പോലും അതിനെ എതിർക്കേണ്ടിവന്നു. അപ്പോഴാണ് അദ്ദേഹം തൽക്കാലം മാറ്റിവച്ചത്. അതുകൊണ്ടാണ് പിന്നീട് ശ്രീ. പി.വി. നരസിംഹറാവുവിന്റെ ഗവൺമെന്റ് 73-74 ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. ഇപ്പോൾ അവർ പറയുന്നത് രാജീവ് ഗാന്ധിയെ എതിർത്തത് ഇന്ത്യയിലെ ഇടതുപക്ഷപാർട്ടിക്കാരാണെന്നാണ്. രാജീവ് ഗാന്ധിയെ എതിർത്തത്, അധികാര കേന്ദ്രീകരണം കൊണ്ടുവരാൻ രാജീവ്ഗാന്ധി ശ്രമിച്ചപ്പോഴാണ്. ആ നിലയിൽ എല്ലാ കാലത്തും അധികാരവികേന്ദ്രീകരണത്തെ എതിർത്ത രാഷ്ട്രീയ പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്. അതുതന്നെയാണ് ഇപ്പോഴും അവർ തുടരുന്നത്. 1957-ലെ ഗവൺമെന്റ് അധികാരത്തിൽ വന്ന് കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയത്, അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ഭരണ പരിഷ്ക്കാര കമ്മിഷനെ നിയോഗിക്കുമെന്നാണ്. അതു പറയുകയും അതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരുകയും ചെയ്ത ആ ഗവൺമെന്റിനെ അവർ അട്ടിമറിച്ചു. വേറെയാതൊരു കാരണവുമില്ല. ജനങ്ങൾക്ക് ഭൂമിയും അധികാരവും സമ്പത്തും എല്ലാം കൊടുക്കുവാൻ തയ്യാറായിട്ടുള്ള ഒരു ഗവൺമെന്റിനെയാണ് കോൺഗ്രസ്സിന്റെ, ജനാധിപത്യത്തിന്റെ അപ്പോസ്തലൻ ആണെന്ന് വിശേഷിപ്പിക്കുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പിരിച്ചുവിട്ടത്. ഇവിടെ അധികാരവികേന്ദ്രീകരണത്തിന്റെ ആൾക്കാർ ഞങ്ങളാണെന്ന് പറഞ്ഞുകൊണ്ട് ശ്രീ. ആര്യാടൻ മുഹമ്മദ് പ്രസംഗിച്ചു. അതിനൊക്കെ മറുപടി പറയുവാൻ തയ്യാറായിട്ടാണിരുന്നത്. അശോക്മേത്താ കമ്മിഷനിൽ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഉണ്ടായിരുന്നു. ആ കമ്മിഷനിൽ അദ്ദേഹം ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് വലിയ ഒരു റിപ്പോർട്ട് തയ്യാറാക്കി എന്ന് ബഹു. ടി.കെ. ബാലൻ പറഞ്ഞപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പച്ചയായിട്ട് പറഞ്ഞു, ഇ.എം.എസ്. അങ്ങനെ എഴുതിയിട്ടേയില്ല എന്ന്. അങ്ങനെ ഒരു റിപ്പോർട്ടേ എഴുതിയിട്ടില്ല എന്നാണ് പറഞ്ഞത്. ഞാൻ വിശദമായി വായിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഇ.എം.എസ്. അന്ന് എഴുതിയിട്ടുള്ള നോട്ടിൽ പറഞ്ഞിട്ടുള്ളത്: "Let me in the end, reiterate that inspite of his reservations, critisisms and suggestions, I am of the view that the report, if accepted or implimented, would go far in decentralising and democratizing the administration". അദ്ദേഹത്തിന്റെ വിശദമായ റിപ്പോർട്ടിൽ ഡീസെൻട്രലൈസേഷൻ എത്രമാത്രം പ്രായോഗികമായി നടപ്പാക്കണമെന്ന് വ്യത്യസ്തങ്ങളായ അഭിപ്രായമാണ് അദ്ദേഹം പറഞ്ഞത്:

"What is required is that while certain definite fields of administration like defence, foreign affairs, currency, communication etc. should rest with the Centre, all the rest should be transferred to the States from there, to the District and to lower levels of elected administrative bodies".

എത്രമാത്രം അധികാരം താഴോട്ടുകൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം എഴുതിയിട്ടുള്ള വളരെ വിശദമായ റിപ്പോർട്ട് നടപ്പിലാക്കാനാണ് പിന്നീട് 1987-ലെ ഗവൺമെന്റ് ശ്രമിച്ചത്. ഞാൻ പറഞ്ഞുവന്നത്- അദ്ദേഹം ഇങ്ങനെ റിപ്പോർട്ട് തയ്യാറാക്കി വച്ചിട്ട്, ഇ.എം.എസ്. എഴുതിയിട്ടില്ല എന്ന പച്ചക്കള്ളമാണ് ശ്രീ.ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞത്. അദ്ദേഹം പറയുമ്പോൾ നമുക്ക് തോന്നും പഠിച്ചിട്ടായിരിക്കും പറയുന്നതെന്ന്. പക്ഷേ അങ്ങനെയല്ല. അദ്ദേഹം ഇവിടെ അതൊക്കെ പറയുമ്പോൾ രേഖയിൽ ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

മല്ലോ; ബഹു. ടി.കെ. ബാലന്റെ ചോദ്യവും ബഹു.ആര്യാടൻ മുഹമ്മദിന്റെ മറുപടിയും ഇവിടത്തെ രേഖയിൽ ഉണ്ടാകും. അത് നിഷേധിക്കുവാൻവേണ്ടി യാണ് ഞാൻ ഇവിടെ ഇത് അവതരിപ്പിച്ചത്. ആ നിലയിൽ ഇ.എം.എസ്. ആയാലും മാർക്സിസ്റ്റ് പാർട്ടി ആയാലും ഇടതുപക്ഷ പാർട്ടികൾ ആയാലും ഡീസെൻട്രലൈസേഷനുവേണ്ടി, അല്ലെങ്കിൽ ജനകീയാസൂത്രണത്തിനു വേണ്ടി, എത്രയോകാലം മുമ്പ് വാദിച്ചത് പ്രായോഗികമാക്കാൻ ഇന്നത്തെ ഗവൺമെന്റിനു സാധിച്ചിരിക്കുകയാണ്. ജനകീയാസൂത്രണം വന്നതിന്റെ ഫല മായി കേരളത്തിൽ വൻപിച്ച മാറ്റം വന്നിട്ടുണ്ട്. ആയിരക്കണക്കിനു റോഡു കളും പാലങ്ങളും തോടുകളുമെല്ലാം ഗ്രാമങ്ങളിൽ ഒക്കെ നിറഞ്ഞുനിൽക്കുക യാണ്. എം.എൽ.എ. മാരുടെ ഒക്കെ പ്രധാനപ്പെട്ട ജോലി ഇത് ഉദ്ഘാടനം ചെയ്യലാണ്. നമുക്ക് ഇതിൽ വലിയ അധികാരം ഒന്നും ഇല്ലെങ്കിലും, പഞ്ചാ യത്ത് നടപ്പാക്കുന്ന അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി, ജനകീയാ സൂത്രണത്തിന്റെ ഫലമായി, ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വന്വിച്ച മാറ്റം ഈ കേരളത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. അതു കാണുമ്പോൾ പ്രതിപക്ഷക്കാർക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടും. ഇതിന്റെയൊക്കെ ഫല മായി അടുത്തുവരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം വലിയ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിലേയ്ക്ക് വരുമെന്ന് അവർക്ക് അറിയാം. അതിനെതിരെ ജനങ്ങളുടെ കണ്ണിൽ എങ്ങനെ പൊടിയിടാൻ സാധിക്കും, അതിനുവേണ്ടിയാണ് ഇപ്പോൾ കൊണ്ടുവരുന്ന ഈ പ്രശ്നങ്ങൾ. ജനകീയ പോലീസിന് അവർ എതിരാണ്. എന്താണ് ജന കീയ പോലീസ് എന്ന് ചർച്ച ചെയ്യുന്നതേയുള്ളൂ. ചർച്ചയിലൂടെ വരാനിരി ക്കുന്ന ജനകീയ പോലീസിനെ എതിർക്കുകയാണ്. കോൺഗ്രസ്സിനെ സംബ ന്ധിച്ച്, ജനകീയമാണെന്ന് കേട്ടാലുടനെ ഹാലിളക്കമാണ്. ജനകീയമെന്ന് പറ യുന്നത് കേൾക്കുവാൻ പാടില്ല. ജനകീയ പോലീസിന് എതിരാണ്. ജനകീയാ സൂത്രണത്തിന് എതിരാണ്, ജനകീയ പദ്ധതികൾക്ക് എതിരാണ്, എല്ലാ ജന കീയത്തിനും എതിരാണ്! അധികാരം മുഴുവൻ കോൺഗ്രസ്സിനുതന്നെ വേണം എന്നതാണ്. എന്തായാലും ഇനി അവർ അധികാരത്തിൽ വരാൻ പോകുന്നില്ല. എങ്കിലും ജനങ്ങൾക്ക് അധികാരം കൊടുക്കുന്നതിനെ എതിർത്തുകൊണ്ടുള്ള നടപടിയാണ് കോൺഗ്രസ്സും പ്രതിപക്ഷവും എടുത്തിരിക്കുന്നത് എന്നുള്ളത് വളരെ വ്യക്തമാണ്. ഏതായാലും ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കു വാനുള്ളത്, ഏത് എതിർപ്പുകൾ വന്നാലും സാരമില്ല., ജനങ്ങളിലേയ്ക്ക് അധി കാരം എത്തിക്കുവാൻ ആവശ്യമായ ശക്തമായ നടപടിയുമായി മുന്നോട്ടുപോ കണം. ബ്യൂറോക്രാറ്റ്സിൽ നിന്ന് ഉദ്യോഗസ്ഥൻമാരിൽ നിന്ന് എതിർപ്പുകളു ണ്ടാകും. എതിർപ്പുകളെല്ലാം അവഗണിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ ഇവിടത്തെ ജനാധിപത്യ വിശ്വാസികളിൽ നിന്നും ജനങ്ങളിൽ നിന്നും അങ്ങേയറ്റത്തെ പിന്തുണ ഈ ഗവൺമെന്റിന് ഉണ്ടാകുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കു കയാണ്. പ്രതിപക്ഷത്ത് ആളില്ലാത്തതുകൊണ്ട് ശ്രീ. പി. രാഘവൻ പറഞ്ഞ തുപോലെ, പറയുന്നതിന് ഒരു സുഖമില്ല. കഴിഞ്ഞ ദിവസം ശ്രീ. പി.ജെ. ജോയി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, വലിയ ധൃതിയിൽ ഇങ്ങനെ ഒരു ബില്ല് അവതരിപ്പിച്ച് കൊണ്ടുവന്നതാണ്, ഇങ്ങനെ ധൃതിവച്ച് ബില്ല് കൊണ്ടുവ രേണ്ട ആവശ്യമില്ലെന്ന്. അതിൽ ഒരു കാര്യം വ്യക്തമാക്കുവാൻ ഞാൻ ആഗ്ര ഹിക്കുന്നു. വളരെ വിശദമായി പഞ്ചായത്ത്രാജ് നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ദീർഘകാലമായി ചർച്ചകൾ നടത്തിയതിനുശേഷമാണ് അലൈഡ്

LIBRARY ARCHIVES Kerala Legislative Assembly

ആക്ടുകളുടെയും ഇതുമായി ബന്ധപ്പെട്ട് മറ്റ് കുറച്ചേറെ നിയമങ്ങളുടെയും കാര്യത്തിൽ മാറ്റം വേണമെന്ന് ആലോചിച്ചത്. അധികാരവികേന്ദ്രീകരണത്തിനുവേണ്ടി ഈ ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റി ബന്ധപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥൻമാരുടെയും താൽപ്പര്യമുള്ള ആളുകളുടെയും ഒക്കെ യോഗം വിളിച്ചുകൂട്ടി രണ്ടുദിവസത്തെ ശില്പശാലയിലെ നീണ്ട ചർച്ചകൾക്കുശേഷമാണ് ഈ ഭേദഗതിക്ക് രൂപം കൊടുത്തത്. അതിനുവേണ്ടി നടന്ന രണ്ട് ശില്പശാലകളിലും പഞ്ചായത്ത്രാജിന്റെ നിയമവുമായി ബന്ധപ്പെട്ട, പഞ്ചായത്തിനു കൈമാറിക്കൊടുത്ത അധികാരങ്ങളുമായി ബന്ധപ്പെട്ട, മറ്റു നിയമങ്ങളുമായി ബന്ധപ്പെട്ട, എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥൻമാരും നിയമവകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഒക്കെ പങ്കെടുത്തതിനുശേഷമാണ് ഈ തീരുമാനം എടുത്തത്. ഓർഡിനൻസിന് ഒബ്ജക്ഷൻ എഴുതികൊടുത്തിട്ടുള്ള പ്രതിപക്ഷ നേതാക്കന്മാരുൾപ്പെടെ ഇത്രയും നിയമം ഈ കേരളത്തിലുണ്ട് എന്ന കാര്യം തന്നെ അറിയുന്നത് ഇപ്പോഴായിരിക്കുമെന്നാണ് എന്റെ ധാരണ. അവർ എന്നു മാത്രം ഞാൻ പറയുന്നില്ല നമ്മളിൽ പലർക്കും ഇത്രയും നിയമം ഈ കേരളത്തിലുള്ള കാര്യം അറിയുവാൻ കഴിഞ്ഞതുതന്നെ ഇപ്പോഴാണ്. ഞാൻ നിയമത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് വരുന്നതിനുമുമ്പ് ഒരു കാര്യം ബഹു. ചെയറിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഇവിടെ പറയുന്നത്, ട്രാവൻകൂർ കൊച്ചിൻ ആക്ട്, മദ്രാസ് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ളിക് ഹെൽത്ത് ആക്ട്, മദ്രാസ് പബ്ളിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ട്, ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ആക്ട്, മദ്രാസ് ഇറിഗേഷൻ ആക്ട്, മദ്രാസ് ഫെറി ആക്ട് ഇങ്ങനെ തുടങ്ങിയ നിയമങ്ങളാണ്. തമിഴ്നാട്ടുകാരുപോലും മദ്രാസ് എന്നുള്ള പേരുമാറ്റി. അവർ ചർച്ച ചെയ്തിട്ട് അവരുടെ സ്ഥലത്തിന്റെ പേര് മദ്രാസ് എന്നുള്ളത് മാറ്റി ചെന്നൈ എന്നാക്കി കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് അംഗീകരിപ്പിച്ചു, മറ്റു പലയിടത്തും അംഗീകരിപ്പിച്ചു. പക്ഷേ നമ്മൾ ഇപ്പോഴും മദ്രാസ് എന്ന് വച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇപ്പോഴും ട്രാവൻകൂർ കൊച്ചിൻ നിയമവും കൊണ്ടിരിക്കുകയാണ്. ആ നിയമങ്ങൾ ഇപ്പോഴും അങ്ങനെ നിൽക്കുന്നത് കേരളത്തിന് ഒരു പോരായ്മയാണ്. അതുകൊണ്ട് ഇതിന്റെ ബന്ധപ്പെട്ട വകുപ്പുകളിലെ ആളുകൾ, മന്ത്രിമാരുൾപ്പെടെ, ശ്രദ്ധിക്കേണ്ടത് ഇനിയെങ്കിലും ട്രാവൻകൂർ കൊച്ചിൻ പബ്ളിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ആക്ട്, മദ്രാസ് ആക്ട് എന്നു തുടങ്ങിയുള്ള പേരുകൾ മാറ്റാൻ നമുക്കു കഴിയണം. ഡീസെൻട്രലൈസേഷൻ ബില്ലിന്റെ പേരിന്റെ കാര്യത്തിൽ വലിയ തർക്കം ഉന്നയിച്ച ആളുകൾ ഈ നിയമങ്ങളുടെ പേരുമാറ്റി-ട്രാവൻകൂർ കൊച്ചിൻ ആക്ട്, മദ്രാസ് ആക്ട് എന്നതു മാറ്റി-യൂണിഫൈഡ് നിയമം ഉണ്ടാക്കുന്നതിനു കേരള നിയമസഭ മുൻകൈ എടുത്ത് സ്പീക്കർക്ക് കഴിയുമെങ്കിൽ അങ്ങനെ അല്ലെങ്കിൽ ബന്ധപ്പെട്ട മുഴുവൻ മന്ത്രിമാരും ആലോചിച്ചു തീരുമാനം എടുക്കണം. അതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു എന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് പറഞ്ഞത്. അവിടെയാണ് മാറ്റം വരുത്തേണ്ടത്. ആ പേരിൽ ഇനിയെങ്കിലും മാറ്റം വരുത്തേണ്ടതാണ്. അങ്ങനെയുള്ള രണ്ട് യൂണിഫൈഡായിട്ടുള്ള നിയമമാണ് ഇപ്പോഴുള്ളത്. സർ, പല തരത്തിലുള്ള ഭേദഗതികൾ ഇക്കാര്യത്തിൽ ആവശ്യമായിട്ടുണ്ട്. പഞ്ചായത്ത് നിയമം നമ്മൾ പാസ്സാക്കിയപ്പോൾ ധാരാളം അധികാരങ്ങൾ നമ്മൾ താഴോട്ടു കൊടുത്തു. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതിനേക്കാളും കേരള ഗവൺമെന്റ് ഇപ്പോഴത്തെ ഭേദഗതിയിൽക്കൂടി മുന്നോട്ടുപോയി. അതിൽ പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പൽ നിയമവു

LIBRARY ARCHIVES Kerala Legislative Assembly

മുൾപ്പെടെ 37 നിയമങ്ങൾ എൽ.ഡി.എഫ്. നയിക്കുന്ന ഈ കേരള ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇപ്പോൾ ഭേദഗതി ചെയ്യുകയാണ്. 35 നിയമങ്ങൾ ഈ ബില്ലിൽക്കൂടി ഭേദഗതി ചെയ്യുന്നു. രണ്ട് നിയമം- മുനിസിപ്പൽ നിയമവും പഞ്ചായത്ത് രാജ് നിയമവും- നേരത്തെ പാസ്സാക്കി. മൂന്നു നിയമങ്ങൾ റിപ്പീൽ ചെയ്യുകയും ചെയ്തു. അങ്ങനെ 40 നിയമങ്ങൾക്ക്, പഞ്ചായത്തുകൾക്ക് അധികാരം കൈമാറിക്കൊടുത്തതുമായി ബന്ധപ്പെട്ട് മാറ്റം വരുത്താൻ കേരളത്തിന് കഴിയുന്നു എന്നത് - യഥാർത്ഥത്തിൽ ഒരു നിശബ്ദ വിപ്ലവം. വിപ്ലവകരമായ ഒരു മാറ്റം, വലിയ ഒച്ചപ്പാടും ബഹളവുമില്ലാതെ വിപ്ലവകരമായൊരു തുടക്കം കുറിക്കാൻ ഈ കാലഘട്ടത്തിൽ കഴിയുന്നു എന്നത്-അഭിമാനകരമായൊരു കാര്യമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ അധികാരങ്ങൾ ഡീസെൻട്രലൈസ് ചെയ്തത് കടലാസിൽ എഴുതിയതുകൊണ്ടു മാത്രമായില്ല, ആ അധികാരം പഞ്ചായത്തുകൾക്ക് വിനിയോഗിക്കാൻ കഴിയണമെങ്കിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലും മാറ്റം അനിവാര്യമാണ്. ആ മാറ്റത്തിനനുസൃതമായിട്ടുള്ളതാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ള നിയമം. ഇവിടെ എതിർക്കുന്നതിൽ ഏറ്റവും രസകരമായി തോന്നിയത്: കൊച്ചിൻ ഫിഷറീസ് ആന്റ് ടോൾ ആക്ടിനകത്ത് ആകെ വരുത്തിയിരിക്കുന്ന മാറ്റമെന്നു പറയുന്നത് മുമ്പ് ദിവാനുണ്ടായിരുന്ന അധികാരം ഇപ്പോൾ ലോക്കൽ അതോറിറ്റിക്കു കൊടുത്തു എന്നതാണ്; അതിനെയാണ് ശ്രീ. ആര്യാടൻ മുഹമ്മദ് എതിർക്കുന്നത്. എന്തു കഷ്ടമാണ്! ദിവാൻ പോയി. ജനാധിപത്യ ഗവൺമെന്റ് വന്നപ്പോഴും ഈ നിയമത്തിൽ ഈ വാക്കു കിടന്നു. അത് ഗവൺമെന്റ് ഉത്തരവുകൾ മുഖേന കൈകാര്യം ചെയ്തുകൊണ്ടിരുന്നതാണ്. ആ വാക്കു മാറ്റി ടോൾ പിരിക്കുന്നതിനും അതു കളക്ട് ചെയ്യുന്നതിനും ഫെറികൾ സ്ഥാപിക്കുന്നതിനുമുള്ള അധികാരം ഇപ്പോൾ പഞ്ചായത്ത് നിയമത്തിലൂടെ നമ്മൾ പഞ്ചായത്തിന് കൊടുത്തു. പഞ്ചായത്ത് രാജ് നിയമത്തിൽക്കൂടി പഞ്ചായത്തിന് അധികാരം കൊടുത്തതുകൊണ്ടായില്ല. ആ അധികാരത്തിനനുസരിച്ച് ഫെറീസ് ആക്ടിൽകൂടി മാറ്റം വരണം. അതുകൊണ്ട് 'ദിവാൻ' എന്ന വാക്കു മാറ്റി 'ലോക്കൽ അതോറിറ്റി' എന്നാക്കാൻ തീരുമാനിച്ചു. അതിനെയാണ് ഇവിടെ പ്രതിപക്ഷം എതിർത്തത്. വാക്കൗട്ടും നടത്തിപോയിരിക്കുകയാണ്. ദിവാൻ ഇപ്പോഴും വേണമെന്നാണ് അവർ പറയുന്നത്. ഇപ്പോഴും അതു നിലനിൽക്കണമെന്നാണോ? ഗവൺമെന്റിനു മുമ്പുണ്ടായിരുന്ന അധികാരങ്ങൾ പഞ്ചായത്ത് മുനിസിപ്പൽ നിയമത്തിന്റെ ഭേദഗതിയിലൂടെ പഞ്ചായത്തിലേയ്ക്കും മുനിസിപ്പാലിറ്റിയിലേയ്ക്കും വിനൃസിച്ചപ്പോൾ അതിനനുസരിച്ച് ഈ നിയമത്തിലൂടെ ഭേദഗതി ആവശ്യമാണെന്നുള്ളതുകൊണ്ടാണ് അത്തരത്തിലുള്ള ഭേദഗതി വന്നത്. അതെല്ലാം കൂടി യൂണിഫൈ ചെയ്ത് ഇവിടെ ഈ രൂപത്തിലൊരു ബില്ലായിട്ട് കൊണ്ടുവന്നു എന്നു മാത്രമേയുള്ളൂ. 'മദ്രാസ്' 'പബ്ളിക് ഹെൽത്ത് ആക്ടും' 'ട്രാവൻകൂർ-കൊച്ചിൻ' പബ്ളിക് ഹെൽത്ത് ആക്ടുമാണ് ഇപ്പോൾ നമുക്ക് നിലനിൽക്കുന്ന നിയമങ്ങൾ. ആ പേരിന്റെ കാര്യം ആദ്യമേ ഞാൻ സൂചിപ്പിച്ചിരുന്നു. 'കേരള'ത്തിന് ഒരു ഹെൽത്ത് നിയമമില്ല. നമുക്ക് അത് അപമാനമാണ്. നമുക്ക് എല്ലാ പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുണ്ട്. ആ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരെ ഹെൽത്ത് ഓഫീസറായിട്ടുകൂടി റീഡെസിഗ്നേറ്റ് ചെയ്യുന്നതിന് ഒരു നിയമനിർമ്മാണം മാത്രമേ നടത്തിയിട്ടുള്ളൂ. ആ നിയമത്തിൽ ഒരു പാട് മാറ്റം വരുത്തേണ്ടതുണ്ട്. അതിലേയ്ക്ക് പോകാൻ ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനു കഴിയില്ല. അവർക്ക് കൈമാറിക്കിട്ടിയ അധികാരത്തിനനുസരിച്ചുള്ള മാറ്റം മാത്രമേ ഇതിൽ പറ്റുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സബ്ജക്ട് കമ്മിറ്റികളും ഒരുമിച്ചുകൂടി ഇതിലൊരു മാറ്റമാണ് വരുത്തേണ്ടത്. അതാതു വകുപ്പിന്റെ മന്ത്രിമാരാണ് നിയമം കൊണ്ടുവരേണ്ടത് എന്നൊക്കെ പ്രതിപക്ഷം കഴിഞ്ഞ തവണ വാദമുഖമുന്നയിച്ചതാണ്. അതു കൊണ്ടാണ് ഞാൻ പറഞ്ഞത്, ഇതിൽ പഞ്ചായത്തിന്റെ അധികാരത്തിലേയ്ക്ക് മാത്രമേ ഈ നിയമം തൊടുന്നുള്ളൂ. അതുകൊണ്ട് മെഡിക്കൽ ഓഫീസറെ ഹെൽത്ത് ഓഫീസറായിട്ടുകൂടി റീഡെസിഗ്നേറ്റ് ചെയ്യത്തക്കവണ്ണം ഹെൽത്ത് നിയമത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് അതിലെ ഒരു നിയമം. അതുപോലെ തന്നെയാണ് ഇറിഗേഷനെ സംബന്ധിച്ചുള്ളതും. അതിലെല്ലാം ഗവൺമെന്റ് എക്സർസൈസ് ചെയ്തിരുന്ന അധികാരം പഞ്ചായത്തുകൾക്കു കൊടുക്കുന്നു എന്നതിനപ്പുറം ഒന്നിലേയ്ക്ക് പോകുന്നില്ല. നമ്മുടെ പുതിയ പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ചെറുകിട വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുക, വ്യാവസായിക സംരംഭങ്ങൾ നടത്തുക, പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയെല്ലാം പഞ്ചായത്തുകൾക്ക് കൈമാറിക്കൊടുത്ത അധികാരങ്ങളാണ്. അതനുസരിച്ച് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ മാറ്റങ്ങൾ വരുത്താനാണ് ഈ നിയമം കൊണ്ടുദ്ദേശിച്ചത്. അതിൽ പഞ്ചായത്തിന്റെ പ്രതിനിധികളും മുനിസിപ്പാലിറ്റിയുടെ പ്രതിനിധികളും കോർപ്പറേഷന്റെ പ്രതിനിധികളുമുണ്ടാകും. ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇൻഡസ്ട്രീസിന്റെ കാര്യത്തിൽ വലിയൊരു മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് ആ നിയമത്തിൽ മാറ്റം വരുത്തുന്നത്. അതിനെ എങ്ങനെ പ്രതിപക്ഷത്തിന് എതിർക്കാൻ കഴിയും? ആർക്കാണ് എതിർക്കാൻ കഴിയുന്നത്? ആർക്കും എതിർക്കാൻ കഴിയുന്ന കാര്യമല്ല എന്നാണ് എന്റെ വിശ്വാസം. കോർപ്പറേഷൻ മേയർമാരെ ഉൾപ്പെടുത്തിക്കൊണ്ട്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ട് ബോർഡിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ഇങ്ങനെ ഒരു ഭേദഗതിക്ക് തീരുമാനം എടുത്തത്. ഇന്നും ഖാദിബോർഡ് എക്സർസൈസ് ചെയ്യുന്ന നിരവധി അധികാരങ്ങൾ, (നമ്മുടെ നാട്ടിൻപുറത്തുള്ള ചെറിയ വ്യാവസായിക സംരംഭങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരുപാട് അധികാരം ഖാദിബോർഡ് എക്സർസൈസ് ചെയ്യുന്നുണ്ട്, ആ ബോർഡിന്റെ അധികാരം) വിനിയോഗിക്കുന്നതിന്റെ കൂട്ടത്തിൽ അതിനനുസരിച്ചുള്ള മാറ്റം ഉണ്ടാക്കണമെന്നുള്ളതാണ് നിയമത്തിൽ പറയുന്നത്. അതു നല്ല കാര്യമല്ലേ? അതിലേതാണ് മോശമായിട്ടുള്ളത്? അതുപോലെ ഒന്നാണ് എഡ്യൂക്കേഷൻ ആക്ടിൽ വരുത്തിയിട്ടുള്ള മാറ്റം. കേരളത്തിൽ ഏറ്റവും വലിയ വിപ്ലവകരമായൊരു മാറ്റത്തിന് തുടക്കം കുറിക്കാൻ സഹായിക്കുന്നതാണ് കേരളാ എഡ്യൂക്കേഷൻ ആക്ടിൽ വരുത്തിയ മാറ്റം എന്നാണ് എന്റെ അഭിപ്രായം. എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുമെന്നു നമ്മൾ പഞ്ചായത്ത് രാജ് നിയമത്തിൽ എഴുതിയിട്ടുണ്ട്. ഹൈസ്കൂൾ ജില്ലാ പഞ്ചായത്തിനുമായിരിക്കും. അത് പഞ്ചായത്ത് രാജ് നിയമത്തിൽ എഴുതിവച്ചതുകൊണ്ടുമാത്രമായില്ല. ഗവൺമെന്റ് സ്കൂളുകൾ ഇപ്പോൾ പഞ്ചായത്ത് സ്കൂളുകളായിട്ടു മാറിയപ്പോൾ അവിടെ അവർക്ക് അധികാരം വിനിയോഗിക്കണമെങ്കിൽ വിദ്യാഭ്യാസ നിയമത്തിലും മാറ്റം വരണം. വിദ്യാഭ്യാസ നിയമത്തിൽ മാറ്റം വന്നില്ലെങ്കിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ അതനുസരിച്ച് പോകാൻ തയ്യാറാകുകയില്ല. അതുകൊണ്ടാണ്, വിദ്യാഭ്യാസ നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഗവൺമെന്റിന് അവിടെ എന്ത് അധികാരമുണ്ടായിരുന്നോ ആ അധികാരം ജില്ലാ പഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനുമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വിനിയോഗിക്കത്തക്ക നിലയിൽ അതിൽ മാറ്റം വരുത്തിയത്. ശ്രീ. ടി.എം. ജേക്കബ് കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ, പഞ്ചായത്തിന്റെ അധികാരത്തെ കുറയ്ക്കുകയാണെന്നു പറഞ്ഞു. അതെന്താണെന്ന് അറിയാമോ? പ്രൊപ്പർട്ടി ഏലിയനേഷനെ സംബന്ധിച്ചുള്ളതാണ്. ഗവൺമെന്റ് സ്കൂളുകൾ പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ ആ വസ്തു വേറൊരാവശ്യത്തിനു വേണ്ടി കൊടുക്കാൻ പറ്റില്ല. ജാമ്യം കൊടുക്കാൻ പറ്റില്ല എന്നുള്ള ഒരു നിയമ നിർമ്മാണം കൊണ്ടുവന്നു. ആ നിയമം ഏറ്റവും നല്ലതാണെന്നാണ് എന്റെ അഭിപ്രായം. എന്തെങ്കിലും കാരണവശാൽ പഞ്ചായത്തുകൾക്ക് സാമ്പത്തിക മായ ആവശ്യം വരുമ്പോൾ സ്കൂൾ കെട്ടിടവും ആശുപത്രി കെട്ടിടവും കൈമാറിക്കിട്ടിയത് ജാമ്യം കൊടുത്തിട്ട് പണമെടുക്കാമെന്ന് വയ്ക്കാമോ. കോമ്പൗണ്ടിന്റെ കുറച്ചു സ്ഥലം അധികം കിടക്കുന്നത് വിൽക്കാമോ എന്നൊക്കെ വിചാരിച്ചാൽ അതു പാടില്ല എന്നുള്ളതിനാണ് അങ്ങനെയൊരു നിയമം കൊണ്ടുവന്നത്. യാതൊരു കാരണവശാലും കൈമാറിക്കിട്ടുന്ന വസ്തുക്കൾ വില്ക്കുകയോ പണയപ്പെടുത്തുകയോ ചെയ്യാൻ പാടില്ല. പഞ്ചായത്ത് രാജ് നിയമത്തിൽ നമ്മൾ ആ മാറ്റം വരുത്തിയിട്ടുണ്ട്. കൈമാറിക്കിട്ടുന്ന യാതൊരു വസ്തുവകകളും വിൽപ്പനയ്ക്കുള്ളതല്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതു മേൽനോട്ടത്തിനു മാത്രമുള്ളതാണ്. അതുകൊണ്ട് വിൽപ്പന നടത്താൻ പറ്റില്ല എന്നുള്ള രീതിയിലാണ് ആ നിയമനിർമ്മാണം കൊണ്ടുവന്നത്. ആ നിയമനിർമ്മാണം ഈ നിയമത്തിന്റെ ഒരു അവിഭാജ്യഘടകം തന്നെയാണ്. കേരളത്തിലെ മുഴുവൻ വിദ്യാർത്ഥി സമൂഹവും രക്ഷാകർത്താക്കളും ഒരു പോലെ സ്വാഗതം ചെയ്യുന്ന മറ്റൊരു നിയമഭേദഗതിയാണ് ആ നിയമത്തിൽ ഉദ്ദേശിച്ചിട്ടുള്ള ടെമ്പററി അപ്പോയിന്റ്മെന്റിനു പഞ്ചായത്തുകൾക്കുള്ള അധികാരം. പോസ്റ്റ് സാംഗ്ഷൻ ചെയ്യുന്നത് എപ്പോഴും ഗവൺമെന്റാണ്. ഡി.ഡി-മാരാണ് നമ്മുടെ ജില്ലകളിലെ ടെമ്പററിയായിട്ടുള്ള അപ്പോയിന്റ്മെന്റ് നടത്തുന്നത്. അതു ഞാൻ വിമർശനപരമായി പറയുകയല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് പേരു വരുത്തി ഡി.ഡി.മാരാണ് ഇപ്പോൾ താല്ക്കാലികധ്യാപകരെ നിയമിക്കുന്നത്. അങ്ങനെ വരുമ്പോൾ പല തരത്തിലുള്ള സമ്മർദ്ദങ്ങളും ശുപാർശകളുമൊക്കെ വരുകയും അതിൽ നിന്ന് ആളിനെ എടുക്കുകയും ചെയ്യുന്നു. അതു സമയത്തു നടക്കുന്നില്ല. ജൂൺ മാസത്തിൽ സ്കൂൾ തുറക്കുമ്പോൾ, അവിടെ ടീച്ചേഴ്സിനെ നിയമിച്ചുകിട്ടുന്നില്ല. വേക്കൻസികളെല്ലാം അങ്ങനെ തന്നെ കിടക്കുകയാണ്. പലപ്പോഴും ഫൈനൽ ഇയർ പരീക്ഷ വരുമ്പോഴാണ് അധ്യാപകരെ നിയമിക്കുന്നത്. ഡി.ഡി.മാരുടെ നടപടിക്രമങ്ങൾ പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പേരു വരുത്തി കാര്യങ്ങളെല്ലാം നോക്കി വരുമ്പോൾ, എല്ലാ സ്കൂളുകളിലും നിന്നു റിപ്പോർട്ട് എടുത്ത്, എല്ലാം നിശ്ചയിച്ചു കഴിയുമ്പോൾ, മിക്കവാറും സെക്കന്റ് ടേമിലെ പരീക്ഷ കഴിയും. ആ ഒരു സാഹചര്യമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. സ്ട്രെങ്തിന്റെ വെരിഫിക്കേഷൻ കഴിഞ്ഞാൽ സ്റ്റാഫ് ഫിക്സേഷന്റെ ഓർഡർ വന്ന്, അപ്പോഴവിടെ വേക്കൻസിയുണ്ടെങ്കിൽ അതാതു സ്കൂളുകളിലേയ്ക്ക് ടെമ്പററിയായി അധ്യാപകരെ നിയമിക്കുന്നതിനുള്ള അധികാരങ്ങൾ പുതിയ നിയമത്തിലൂടെ പഞ്ചായത്തിനു കൊടുക്കുന്നു. അതിനെ ഏതു പ്രതിപക്ഷത്തിനാണ് എതിർക്കാൻ കഴിയുന്നത്? ഏതു വിദ്യാർത്ഥിയാണ് അതിനെ സ്വാഗതം ചെയ്യാത്തത്? ഏതു രക്ഷാകർത്താക്കളാണ് അതിനെ സ്വാഗതം ചെയ്യാത്തത്? എംപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ചേഞ്ചിൽ നിന്നു പേരു വരുത്തി അവിടെ അധ്യാപകരുടെ വേക്കൻസികൾ നികത്താൻ കഴിയുന്ന തരത്തിലേയ്ക്ക് അവർക്കു കൊടുത്ത അധികാരം വിനിയോഗിക്കാൻ കഴിയണം. ആ നിലയിലാണ് അങ്ങനെയൊരു നിയമം കൊണ്ടുവന്നത്. അതുപോലെ ഒന്നാണ് ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷൻ അതോറിറ്റി. സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ പലപ്പോഴും നമുക്കു പല മുൻകാല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് പത്തനാപുരം താലൂക്കിൽ ഒരു വാർഡിൽ തന്നെ രണ്ട് ഹൈസ്കൂളുകൾ അനുവദിച്ചു. ഇത് ആരാണ് തീരുമാനിക്കുന്നത്? ആരുടെയും തീരുമാനം വേണ്ടാ, ഗവൺമെന്റ് അനുവദിച്ചുകൊടുക്കുന്നതാണ്. അതിലൊരു മാറ്റം വരുത്തണം. ഏതു പ്രദേശത്ത് സ്കൂൾ അനുവദിക്കണമെന്നുള്ളതിൽ പുതുതായി രൂപീകരിക്കുന്ന എഡ്യൂക്കേഷണൽ അതോറിറ്റിയുടെ ശുപാർശ ഒരു പ്രധാന ഘടകമാണ്. Educational necessity അവർ ഫിക്സ് ചെയ്തിട്ട് നിർദ്ദേശിക്കുന്നതിനനുസരിച്ചുമാത്രമേ നമ്മുടെ സംസ്ഥാനത്ത് ഇനിമേൽ ഈ നിയമം പാസ്സാക്കുന്നതോടുകൂടി സ്കൂളുകൾ കൊടുക്കാൻ കഴിയുകയുള്ളൂ. അല്ലാതെ ഇഷ്ടമുള്ളിടത്ത്, ഒരു പഞ്ചായത്തിന് രണ്ടുമൂന്ന് സ്കൂളുകൾ, ഒരു വാർഡിൽ രണ്ട് സ്കൂൾ - കാലാകാലങ്ങളിൽ മാറുന്ന ഗവൺമെന്റിനനുസരിച്ച് അങ്ങനെ കൊടുക്കാൻ കഴിയാത്ത രീതിയിൽ അതിലൊരു നിയന്ത്രണം കൊണ്ടുവരാൻ കഴിയുന്ന രീതിയിലാണ് എഡ്യൂക്കേഷൻ ആക്ട് നടപ്പിലാക്കിയിരിക്കുന്നത്. അതുപോലെ ആ അതോറിറ്റിയുടെ ഫങ്ഷനിംങ്ങിനെ സംബന്ധിച്ച് വളരെ വിശദമായി പുതിയ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ ലോക്കൽ അതോറിറ്റീസിന്റെ ലോൺസ് ആക്ട് ഇതിൽക്കൂടി ഭേദഗതി ചെയ്യുന്നുണ്ട്. പഞ്ചായത്തുകൾക്ക് വായ്പയെടുക്കാൻ നമ്മുടെ പഞ്ചായത്ത് രാജ് നിയമത്തിൽ എഴുതിവച്ചിട്ടുണ്ടെങ്കിലും വായ്പയെടുക്കാൻ കഴിയുന്നില്ല. എന്നാൽ ഇതുകൂടി പാസ്സായിക്കഴിയുമ്പോൾ പഞ്ചായത്തുകൾക്ക് വായ്പയെടുക്കാൻ കഴിയുന്ന രീതിയിലേയ്ക്കുപോകും. അതാതു പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് ആവശ്യമായ വായ്പയെടുക്കുന്നതിന് പക്ഷേ അതിന് ലിമിറ്റുവച്ചിട്ടുണ്ട്. അവരുടെ സാധ്യതയ്ക്കനുസരിച്ചുമാത്രമേ എടുക്കാൻ പാടുള്ളൂ, അത് നിയമത്തിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ അത് ചെയ്യണമെങ്കിൽ "The borrowing powers of a local authority shall be fixed by the Government in relation to the annual income of that local authority". പഞ്ചായത്തിന്റെ ഒരു വർഷത്തെ വരുമാനം കണക്കിലെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ വായ്പയെടുക്കാൻ കഴിയുന്ന രീതിയിൽ ആ ലോൺ ആക്ടിൽ ഭേദഗതി വരുത്താനാണ് ആ നിയമം കൊണ്ടുദ്ദേശിക്കുന്നത്. അതുപോലെ ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ സംബന്ധിച്ച് കോർപ്പറേഷന്റെ ഘടനയിൽ മാറ്റം വരുത്തുന്നു. ലോൺ യൂട്ടിലൈസേഷനെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്യത്തക്കവണ്ണം ഇപ്പോഴത്തെ ബോർഡിന്റെ സിസ്റ്റത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഇതിൽ ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. ഞാൻ വിശദമായി പറഞ്ഞുപോകുന്നില്ല. ഹൗസിംഗ് ബോർഡിന്റെ കാര്യത്തിലും അതുപോലെതന്നെയാണ്. ഹൗസിംഗ് എന്നുപറയുന്ന ജോലി ഇപ്പോൾ പഞ്ചായത്തിന് കൈമാറിക്കഴിഞ്ഞിട്ടുള്ളതാണ്. പാർപ്പിടസൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള ബാധ്യത പഞ്ചായത്തുകൾക്കായതുകൊണ്ട് അതിന് പഞ്ചായത്തിനെ എനേബിൾ ചെയ്യത്തക്ക നിലയിലുള്ള ഭേദഗതിയാണ് അതിൽ വന്നിരിക്കുന്നത്. അതുപോലെ മോട്ടോർ വെഹിക്കിൾസ് ആക്ട് ആദ്യം ഇവിടെ ചർച്ച നടന്നപ്പോൾ എനിക്ക് വളരെ രസകരമായി തോന്നിയ ഒരു കാര്യമുണ്ട്. ഫിനാൻഷ്യൽ മെമ്മോറാണ്ടം പറയുന്നതുസംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് ഇവിടെ ഒരു തർക്കം വരികയും ബഹു. സ്പീക്കർ അത് റൂൾ ചെയ്യുകയും ചെയ്തു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. നിലവിലുള്ള നിയമത്തിൽത്തന്നെ മോട്ടോർ വെഹിക്കിൾ ആക്ടിന്റെ ഷെയർ പഞ്ചായത്തുകൾക്ക് കൊടുക്കാൻ വ്യവസ്ഥയുണ്ട്. ബഹു. സ്പീക്കർ ഓർക്കുന്നുണ്ടാവും. കഴിഞ്ഞ നിയമസഭയിൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കറായിരുന്ന സന്ദർഭത്തിൽ അങ്ങും ഞാനും നമ്മുടെ എൽ.ഡി.എഫ്. കൺവീനറുമുൾപ്പെടെ നമ്മളെല്ലാവരും കൂടി ചേർന്ന് വി.ടി.സി. ഫണ്ടിന്റെ കാര്യത്തിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മാത്രം തന്നിഷ്ടമനുസരിച്ച് പെരുമാറുന്നു, അത് വിനിയോഗിക്കുന്നു, അത് റിവ്യു ചെയ്യണം എന്നു പറഞ്ഞ് ഒരു മെമ്മോറാണ്ടം അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിക്ക് കൊടുക്കുകയും അന്നത്തെ ഗവൺമെന്റ് അതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് മന്ത്രിയുടെ തീരുമാനം ക്യാൻസൽ ചെയ്യുകയും ചെയ്തിരുന്നു. ആ വി.ടി.സി. ഫണ്ട് പഞ്ചായത്തിന് പോകാനുള്ളതാണ്. എല്ലാ വർഷവും അത് പോവുകയും ചെയ്യും. പക്ഷേ അത് സൗകര്യം പോലെ ചിലരെങ്കിലും അങ്ങനെ വിനിയോഗിച്ചുവരുന്നു. അത് തലേവർഷത്തിന്റെ അവസാനം തന്നെ കൊടുക്കണമെന്നുള്ള ഒരു ഭേദഗതി മാത്രമേ മോട്ടോർ വെഹിക്കിൾ ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ളൂ. എല്ലാവർഷവും അത് കൊടുക്കണമെന്ന് പഴയ ആക്ടിലുണ്ട്. ഇപ്പോൾ സമയത്തിന്റെ കാര്യത്തിൽ ഒരു ക്ളിപ്തതവേണമെന്നു പറഞ്ഞ്, തലേവർഷത്തിന്റെ അവസാനത്തിൽ അത് കൊടുക്കണമെന്നുള്ള ഒരു ഭേദഗതി മാത്രമേയുള്ളൂ. ആ ഭേദഗതി വരുമ്പോൾ പഞ്ചായത്തിന് അത് കിട്ടുന്ന കാര്യത്തിൽ ഉറപ്പാണ്. പഞ്ചായത്തിന് റോഡിന്റെ ദൈർഘ്യമനുസരിച്ച് വെഹിക്കിൾസ് ടാക്സ് കോമ്പൻസേഷൻ കൊടുക്കുന്ന കാര്യത്തിൽ ഒരുറപ്പുവരുത്തുന്നതിനുവേണ്ടി മാത്രമാണ്. അതിനൊരു സമയക്ലിപ്തതയ്ക്കു വേണ്ടി മാത്രമാണ് മോട്ടോർ വെഹിക്കിൾസ് ആക്ടിൽ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതുപോലെ തന്നെയാണ് വാട്ടർ സപ്ളൈ സ്കീം. The Kerala Water Supply and Sewerage Act പ്രകാരം ഇന്ന് ശുദ്ധജല വിതരണത്തിനുള്ള ഒരേയൊരു അതോറിറ്റിയാണ് കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ.) പഞ്ചായത്തുകൾക്ക് കൊടുത്താൽ അത് വാട്ടർ അതോറിറ്റിയുടെ ആക്ട് പ്രകാരം തെറ്റാണ്. നിയമപ്രകാരം പാടില്ലാത്തതാണ്. കാരണം ശുദ്ധജലവിതരണം ചെയ്യാനുള്ള ഒരേയൊരു അതോറിറ്റി വാട്ടർ അതോറിറ്റിയാണെന്ന് കേരളം പാസ്സാക്കിയിട്ടുള്ള നിയമത്തിൽ പറഞ്ഞിട്ടുണ്ട്. ആ സ്ഥാനത്ത് പഞ്ചായത്തുകൾക്കുകൂടി സ്വന്തമായി വാട്ടർ സപ്ളൈ സ്കീമുണ്ടാക്കി ശുദ്ധജലവിതരണം നടത്തുന്നതിന് അനുവാദം കൊടുക്കുന്നതിനുവേണ്ടിയുള്ളതാണ് ആ ഭേദഗതി. എന്തിനാണ് അവർ എതിർക്കുന്നതെന്ന് അതുകൊണ്ടുതന്നെ മനസ്സിലാകുന്നില്ല. അതുപോലെ ഒരു വലിയ വിപ്ളവകരമായ സംരംഭം ഈ നിയമത്തിലുണ്ട്. നമ്മുടെ പഞ്ചായത്തുകളെ പലപ്പോഴും മറ്റു ബാദ്ധ്യതകളിൽ കൊണ്ടുചെന്നെത്തിക്കുന്നത് നമ്മുടെ റൂറൽ ഡെവലപ്പ്മെന്റ് ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ്. റൂറൽ ഡെവലപ്പ്മെന്റ് ബോർഡ് ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച്, അത് വളരെ വിശദമായി നോക്കിയതിനുശേഷം കമ്മിറ്റിയുടെ ഒരു നിഗമനമെന്നു പറയുന്നത് : " The entire process of construction, including calling for tenders, supervising the construction etc. is handled by the Rural Development Board and the total cost inclusive of centage charge at 18% is treated as the amount to be recovered from the Local Body with interest" ആദ്യം രണ്ടോമൂന്നോ ലക്ഷം രൂപയ്ക്കുള്ള ഒരു സ്കീമുണ്ടാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിയുമ്പോൾ റൂറൽ ഡെവലപ്പ്മെന്റ് ബോർഡുകാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

tender excess ഉൾപ്പെടെ രണ്ടുലക്ഷത്തിന്റെ സ്ഥാനത്ത് അഞ്ചോ ആറോ ലക്ഷം രൂപയൊക്കെയാകും. ആ മുഴുവൻ പൈസയും ഈ പഞ്ചായത്തുകൾ കൊടുക്കണം. വലിയൊരു അനീതി ഇതിൽ നിലനിൽക്കുന്നു. അതുകൊണ്ട് പഞ്ചായത്തിനാവശ്യമായ പൈസ കൊടുത്താൽ ഇപ്പോഴത്തെ സ്കീം അനുസരിച്ച് ജനപങ്കാളിത്തത്തോടുകൂടിയോ അല്ലാതെയോ ഈ കെട്ടിടം പണികളെല്ലാം പഞ്ചായത്തിന് പൂർത്തീകരിക്കാൻ കഴിയും. അനാവശ്യമായ ഇന്ററസ്റ്റും അനാവശ്യമായ ടെണ്ടർ എക്സസും എല്ലാം ഒഴിവാക്കി അവർക്കനുവദിക്കുന്ന തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് കെട്ടിടം പണി പൂർത്തീകരിക്കാൻ കഴിയും. അതുകൊണ്ട് റൂറൽ ഡെവലപ്പ്മെന്റ് ബോർഡ് ആക്ട് എന്നുള്ളത് റിപ്പീൽ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. ആ നിയമം റിപ്പീൽ ചെയ്യുന്നതിനുവേണ്ടി ഉൾപ്പെടുത്തിയ മൂന്നു നിയമത്തിലൊന്നാണ് അത്. പിന്നെ കൈവണ്ടിയും സൈക്കിൾ റിക്ഷയും ഒഴിവാക്കുന്നതിനുവേണ്ടിയുള്ളതാണ്. അതിനെയൊക്കെയാണ് ഇവിടെ പ്രതിപക്ഷം അതിശക്തമായി എതിർക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ പ്രതിപക്ഷമില്ലെങ്കിലും, എപ്പോഴെങ്കിലും അവരിതറിയുമല്ലോ, കേരളത്തിലെ പ്രതിപക്ഷ നേതാവിനോടും പ്രതിപക്ഷത്തോടും എന്റെ വിനീതമായ ഒരഭ്യർത്ഥന ഒരു നിയമമെങ്കിലും ചർച്ചയില്ലാതെ പാസ്സാക്കിയെടുക്കാൻ കഴിയുമെങ്കിൽ അതിനുകഴിയുന്ന ഒരു നിയമമാണ് ഡീസെൻട്രലൈസേഷൻ ആക്ട്. പാർലമെന്റിൽ 73-ഉം 74-ഉം ഭരണഘടനാഭേദഗതിയുടെ ബിൽ അവതരിപ്പിച്ചപ്പോൾ 71-ലും 72-ലും അന്ന് പ്രതിപക്ഷം നല്ലതുപോലെ എതിർപ്പ് പ്രകടിപ്പിച്ചു. അതിനുതക്കതായ കാരണമുണ്ടായിരുന്നു. പിന്നീട് രാജീവ് ഗാന്ധിക്കുശേഷം വന്ന നരസിംഹറാവു ഗവൺമെന്റ്....

<u>ശ്രീ. ടി.കെ. ഹംസ</u> : സർ, ബിൽഡിംഗ് നടപ്പാക്കുന്നത്, റോഡ് നടപ്പാക്കുന്നത്, ആശുപത്രി നടപ്പാക്കുന്നത്, എഡ്യൂക്കേഷൻ നടപ്പാക്കുന്നത്, ഒക്കെ വികേന്ദ്രീകരിച്ചു വരുന്ന കാര്യമാണല്ലോ ബഹു. മെമ്പർ പറഞ്ഞത്. ഇതു നടപ്പാക്കാൻ പഞ്ചായത്തിന്റെ മെഷിനറി എന്താണ്? കൊടുക്കുന്ന അധികാരം വിട്ടുപോകുന്ന ഡിപ്പാർട്ടുമെന്റിന്റെ സ്റ്റാഫ് ഇങ്ങോട്ടുവരുമോ അതോ വേറെ സ്റ്റാഫിനെ നിയമിക്കുമോ? അതെങ്ങനെയാണുണ്ടാക്കുക എന്നുകൂടി പറഞ്ഞാൽ തരക്കേടില്ല.

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : സർ, അതെന്തായാലും മൂന്നാം വായനയിൽ ബഹു. മന്ത്രി മറുപടി പറയുമ്പോൾ അതെല്ലാം വിശദമായിട്ടുപറയും. പക്ഷേ ഉദ്യോഗസ്ഥരെ റീഡിപ്ലോയ് ചെയ്യുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. അതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് ആയിരക്കണക്കിന് ഉദ്യോഗസ്ഥൻമാർ താഴേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. അത് ഈ ഗവൺമെന്റ് നടപ്പിലാക്കുകയും ചെയ്യും.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : സർ, പോയിന്റ് ഓഫ് ഓർഡർ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. പ്രതിപക്ഷനേതാവ് നേരത്തെ സഭയിലൊരു പ്രസ്താവന നടത്തി. ഇന്ന് സഭ പൂർണ്ണമായും ബഹിഷ്ക്കരിക്കുമെന്നും സഭ കഴിയുന്നതുവരെ ഇതിന്റെ കവാടത്തിൽ ധർണ്ണ നടത്തുമെന്നും പറഞ്ഞാണ് പോയത്. പക്ഷേ ഇപ്പോൾ അവരാരും സഭയുടെ കവാടത്തിലില്ല. സഭയ്ക്ക് പ്രതിപക്ഷനേതാവുതന്ന ഉറപ്പു ലംഘിച്ചുകൊണ്ട് എല്ലാവരും ഏതോവഴിക്ക് പോയിരിക്കുന്നു. ഇത് ഓർഡറിലാണോയെന്ന് അങ്ങയുടെ ഒരു റൂളിംഗ്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, പ്രതിപക്ഷനേതാവിന്റെ ഉറപ്പുപാലിക്കാൻ ഇപ്പോൾതന്നെ സമയമെടുക്കണമായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി : സർ, സഭയുടെ കവാടമെന്നു പറയുന്നത് വളരെ വിശാലമാണ്. തിരുവനന്തപുരം നഗരമുൾപ്പെടെ, എം.എൽ.എ. ഹോസ്റ്റലുൾപ്പെടെ പെടുന്നതാണ് സഭയുടെ കവാടം.

ശ്രീ. കെ. പ്രകാശ് ബാബു : സർ, 71-ഉം 72-ഉം ഭരണഘടനാ ഭേദഗതി അവതരിപ്പിക്കുന്ന സമയത്ത് പ്രതിപക്ഷത്തിന്റെ എതിർപ്പ് വന്നപ്പോൾ പിന്നീടു വന്ന ശ്രീ. നരസിംഹറാവു ഗവൺമെന്റ് പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ട് 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി ചർച്ച കൂടാതെ പാർലമെന്റ് പാസ്സാക്കിയതാണ്. അധികാരം വികേന്ദ്രീകരിച്ചു കൊടുക്കുന്നതിൽ ഇന്ത്യൻ പാർലമെന്റിലെ എല്ലാവരും ഒരുമിച്ചു നിന്നതാണ്. ആർക്കും ഒരു ദോഷവും വരുന്നതല്ല, പഞ്ചായത്ത് രാജ് ആക്ടിലാണെങ്കിൽ എന്തെങ്കിലുമൊക്കെ അവർക്ക് കണ്ടുപിടിക്കാൻ കഴിയുമായിരിക്കാം. പക്ഷേ ഇതിൽ അതൊന്നുമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ദിവാന്റെ അധികാരമെടുത്ത് ലോക്കൽ അതോറിറ്റിക്ക് കൊടുക്കുന്നതിലും കൈമാറിയതിൽ ഗവൺമെന്റിനുള്ള അധികാരമെടുത്ത് ലോക്കൽ അതോറിറ്റിക്ക് കൊടുക്കുന്നതിലും എതിർപ്പിന്റെ ആവശ്യമില്ലാത്തതുകൊണ്ടു തന്നെ ചർച്ച കൂടാതെ പാസ്സാക്കിയെടുക്കാൻ കഴിയുന്ന ഒരുനിയമമെന്നുള്ള നിലയിൽ പ്രതിപക്ഷം ഈ ബില്ലിനെ കാണുകയും അനുസരിക്കുകയും സഭ ഒന്നിച്ച് ഈ 38 നിയമനിർമ്മാണങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. അത്തരത്തിലുള്ള ഒരു തീരുമാനം അവരിൽ നിന്നുണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അങ്ങ് ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നതാണ് യഥാർത്ഥത്തിൽ ഈ ബില്ലിനോട് ആർക്കും എതിരഭിപ്രായമില്ല. ഇതിൽ ഫൈനാൻഷ്യൽ മെമ്മോറാണ്ടം ഉണ്ടോ, അങ്ങനെയൊക്കെയുള്ള ചില ടെക്നിക്കാലിറ്റീസ് പറഞ്ഞതല്ലാതെ പറയുമ്പോൾ പോലും ഈ ബില്ലിനെ സർവ്വാത്മനാ അനുകൂലിക്കുന്നു എന്നാണ് പ്രതിപക്ഷവും ഭരണപക്ഷവും പറഞ്ഞത്. ഈ ബില്ലിന്റെ പ്രസക്തിയെക്കുറിച്ചൊന്നും പറയണ്ടല്ലോ. ഡിപ്ലോയ്മെന്റ് ഓഫ് സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം റെക്കമെന്റേഷൻ അനുസരിച്ച് ക്യാബിനറ്റ് അതിനെ ഇൻപ്രിൻസിപ്പിൾ അംഗീകരിച്ച് ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി ഇതിനുവേണ്ടി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ട് ആ ഡിപ്ലോയ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ റിപ്പോർട്ട് ഉടനെ തന്നെ വരും. അതു കഴിഞ്ഞാലുടൻ തന്നെ ഡിപ്ലോയ്മെന്റ് നടക്കുകയും ചെയ്യും. അതിന് സ്റ്റാറ്റ്യൂട്ടറി ആയി പ്രത്യേക പ്രൊവിഷൻ ആവശ്യമില്ല. ഡിപ്ലോയ്മെന്റ് ഓഫ് സ്റ്റാഫിനെ സംബന്ധിച്ച് ക്യാബിനറ്റ് പരിഗണിച്ചിട്ട് ക്യാബിനറ്റ് സബ്കമ്മിറ്റി അതിന്റെ ഡീറ്റെയിൽസ് പരിശോധിക്കാൻ വേണ്ടി കൊടുത്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് വരുന്നതിനുള്ള സമയമായിട്ടുണ്ട്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പല അധികാരങ്ങളും താഴോട്ടു പോകുന്നുണ്ട്. ഡിപ്ലോയ്മെന്റിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. ഡിപ്ലോയ്മെന്റിനോടൊപ്പം വേണ്ടാത്ത ചിലത് നിർത്താനുള്ള ധൈര്യം കൂടി കാണിക്കുമോ? ചിലത് എന്നു പറയുമ്പോൾ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പോലുള്ള കാര്യങ്ങൾ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതു പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഈ നിയമം വളരെ പ്രസക്തമാണ്. ശ്രീ. പ്രകാശ് ബാബു പറഞ്ഞതു

പോലെ ഇതിനുമുമ്പ് ഞാൻ ഇന്ന് അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിന്റെ എം.എൽ.എ. ആയി ഈ നിയമസഭയിൽ വന്നപ്പോൾ അവിടെയുള്ള ഒരു സ്കൂളിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ടു വന്നപ്പോൾ സീറോ പേർസന്റേജായിരുന്നു വിജയശതമാനം. ഞാൻ അന്വേഷിച്ചപ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ കാരണം അവിടെ പ്രധാനപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കാൻ അധ്യാപകരില്ല എന്നതാണ്. മലയാളം അധ്യാപകൻ തന്നെയാണ് കണക്കും ഫിസിക്സും എടുക്കുന്നത്. ഇതിനെക്കുറിച്ചു പരാതി പഞ്ചായത്തിനു കൊടുക്കുന്നു. ഒരു വർഷത്തേയ്ക്കു ആവശ്യമായ മുഴുവൻ അധ്യാപകരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നിയമിക്കാൻ സാധിക്കും. ഗവൺമെന്റ് സ്കൂളുകളുടെ ഇന്നത്തെ ബാക്ക് വേർഡ്നെസ്സിന്റെ മുഖ്യകാരണമെന്താണെന്നു ചോദിച്ചാൽ, ജൂണിൽ സ്കൂൾ തുറന്നാലും മാർച്ച് ആകുമ്പോഴേയ്ക്കും പഠിപ്പിക്കേണ്ട വിഷയങ്ങൾ പഠിപ്പിക്കാൻ അധ്യാപകരുണ്ടാവില്ല. അദ്ധ്യാപകരുടെ ഡിപ്ലോയ്മെന്റ് ശരിയാകുന്നില്ല. ഇങ്ങനെ നിരവധി കാര്യങ്ങളിൽ പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുന്നത് നല്ലതാണ്. അധികാരവികേന്ദ്രീകരണമല്ല വാസ്തവത്തിൽ നമ്മൾ ഉദ്ദേശിക്കുന്നത്. വാസ്തവത്തിൽ നമുക്ക് വേണ്ടത് ലോക്കൽ സെൽഫ് ഗവൺമെന്റാണ്. ജില്ലാ കൗൺസിലും മറ്റും മുമ്പുണ്ടായിരുന്നതുപോലെ ഇതൊരു ലോക്കൽ ഗവൺമെന്റായിരുന്നു. ജില്ലയ്ക്കുള്ള ഒരു ഗവൺമെന്റായിരുന്നു. പൂർണ്ണ അധികാരമുണ്ടായിരുന്നില്ല. ജില്ലയിൽ തന്നെ പഞ്ചായത്ത് വേറെ, കോർപ്പറേഷൻ വേറെ, മുനിസിപ്പാലിറ്റിവേറെ, അങ്ങനെയായിരുന്നു. യഥാർത്ഥത്തിൽ അന്നത്തെപ്പോലെ ഡിസ്ട്രിക്ട് കൗൺസിൽ ഉണ്ടാക്കുകയാണ്. അതിനുകൂടി അധികാരങ്ങൾ കൊടുക്കുകയാണ്. നമ്മുടെ ഭരണഘടനയിൽ എൻവിസേജ് ചെയ്യുന്ന വിവിധ തരത്തിലുള്ള തദ്ദേശ സ്വയംഭരണ ഗവൺമെന്റുകളാണുള്ളത്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഒരുവാക്കുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ദീർഘമായി പലരും ഇവിടെ പ്രസംഗിക്കുകയാണെങ്കിൽപ്പോലും ആർക്കും അധികാര വികേന്ദ്രീകരണത്തിൽ താല്പര്യമില്ല. ഏറ്റവും പ്രധാനമായിട്ടുള്ളത്, സംസ്ഥാന ഗവൺമെന്റുകൾക്കുള്ള അധികാരം കർട്ടെയിൽ ചെയ്യുകയാണ്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇതുവരെയുള്ള കാര്യങ്ങൾ നോക്കിക്കഴിഞ്ഞാൽ ഭരണഘടനയിൽ സ്റ്റേറ്റ്സ് സബ്ജക്ടായിട്ടുള്ളതിന്റെമേൽ എത്ര വലിയൊരു ബ്യൂറോക്രസിയുണ്ടാക്കിയാണ് കേന്ദ്രം കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്! അഗ്രിക്കൾച്ചർ ആരുടെ സബ്ജക്ടാണ്? സ്റ്റേറ്റ്സബ്ജക്ടാണ് അത്. പക്ഷേ അതിന് സെൻട്രൽ ഗവൺമെന്റിന്റെ ബഡ്ജറ്റ്! എത്രയോ ഭയങ്കരമാണ്. കാൾ കൊടുത്ത് അതാതു സംസ്ഥാനത്തിന്റെ വികസനം നടത്തുന്നതിനുപകരം വലിയൊരുബഡ്ജറ്റ് ഉണ്ടാക്കിയിട്ട് ഒടുക്കം ഇത് 50 ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീമാണെന്നു പറയുക- അതിന്റെ ആവശ്യമെന്താണ്? അതുകൊണ്ട് പലപ്പോഴും നമ്മുടെ സംസ്ഥാനങ്ങൾ വിഷമത്തിലാകുന്നത് അമ്പതുശതമാനം സെൻട്രലി സ്പോൺസേർഡ് സബ്സിഡിയുള്ള സ്കീമുണ്ടെന്നു പറഞ്ഞുകഴിഞ്ഞാൽ ആ സ്കീം പ്രായോഗികമായാലും അല്ലെങ്കിലും ശരി നമ്മൾ അതു വലിച്ചെടുക്കും. ഒടുക്കം അതിനും സ്റ്റാഫ് ക്രിയേഷനുണ്ടാകും, അതിന്റെ പോസ്റ്റുണ്ടാകും. നമ്മുടെ ബ്യൂറോക്രസി നമ്പർ വളരെക്കൂടി. ഒടുക്കം ആ സ്കീം കൊണ്ട് ഒരു പ്രയോജനവുമുണ്ടാകില്ല. ഇവിടെ ജനാധിപത്യം അധികാര വികേന്ദ്രീകരണം അല്ലെങ്കിൽ ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നു പറയുമ്പോൾ അതിനോടുള്ള പേഴ്സ്പെക്ടീവിൽ വലിയ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായവ്യത്യാസമുണ്ടെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. എന്നു വച്ചാൽ ലോക്കൽ സെൽഫ് ഗവൺമെന്റ് വേണമെന്നുണ്ടെങ്കിൽ സ്റ്റേറ്റ് ആദ്യം അത് അംഗീകരിക്കണം. സംസ്ഥാനത്ത് ആദ്യം അംഗീകരിച്ചിട്ട് പിന്നെ താഴോട്ടു പോകുകയാണ്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : അങ്ങിപ്പോൾ പറഞ്ഞതുപോലെ പഞ്ചായത്തുകൾക്ക് കൊടുത്ത കാര്യങ്ങളിൽ സെൻട്രലി സ്പോൺസേർഡ് സ്കീമുകളും ഒഴിവാക്കണം. സ്റ്റേറ്റ് സ്പോൺസേർഡ് സ്കീമുകളും ഉണ്ടാകാൻ പാടില്ല എന്നുള്ള നിലയിലാണ് പഞ്ചായത്തു രാജ് നിയമം പാസ്സാക്കിയപ്പോൾ നമ്മളൊരു ചർച്ചയിൽ എത്തിയത്. എന്നിട്ട് പല ഡിപ്പാർട്ടുമെന്റുകളും സ്റ്റേറ്റ് സ്പോൺസേർഡ് സ്കീമുകളും സെൻട്രലി സ്പോൺസേർഡ് സ്കീമുകളും ഇപ്പോഴും കൊണ്ടുപോകുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഒരു ജനറൽ നാഷണൽ പോളിസി കേന്ദ്രത്തിനുണ്ടാകണം, ജനറൽ നാഷണൽ പോളിസി സ്റ്റേറ്റിനുണ്ടാകണം. അത് ആക്ടിൽ തന്നെ പറഞ്ഞിട്ടുണ്ട്. ആ പോളിസിയുമായി റിക്കൺസൈൽ ചെയ്ത് അഗ്രികൾച്ചറർ ഡെവലപ്പ്മെന്റിനുള്ള സ്റ്റേറ്റിന്റെ പോളിസി, ഇന്നടെക്നോളജി ഉപയോഗിക്കണം എന്നൊക്കെയുള്ള സജക്ഷൻസ് വരും. പക്ഷേ അതുകഴിഞ്ഞ് ഇംപ്ലിമെന്റേഷന്റെ കാര്യത്തിൽ, മുഴുവൻ പഞ്ചായത്തുകൾക്കുമുള്ള അധികാരത്തിൽ സ്റ്റേറ്റ് ഗവൺമെന്റ് കൈകടത്താതിരിക്കുകയാണ് വേണ്ടത്. കുറച്ചു ടൈം എടുക്കുന്നതായിരിക്കാം, എങ്കിലും പഞ്ചായത്തുകൾക്ക് പവേഴ്സ് കൂടുതൽ കൊടുക്കുന്നതുകൊണ്ട് പ്രയോജനം ഉണ്ടാവുകയേയുള്ളൂ. എനിക്കു തോന്നുന്നത് നമ്മുടെ റൂറൽ ഇക്കോണമിയിൽ യഥാർത്ഥത്തിൽ വന്നിരിക്കുന്ന സ്റ്റാഗ്നേഷന് ഒരു ബ്രേക്ക് ത്രൂ ഉണ്ടാക്കാൻ ഈ പഞ്ചായത്തുകൾ ഗവൺമെന്റിന്റെ പോളിസിയുമായി സഹകരിക്കാമെങ്കിൽ സാധിക്കും. അതിനുള്ള പവേഴ്സ് കിട്ടുമെങ്കിൽ സാധിക്കും. ശ്രീ.പ്രകാശ് ബാബു പറഞ്ഞത് ശരിതന്നെയാണ്, ഇപ്പോഴും വാസ്തവത്തിൽ ഇന്റഗ്രേറ്റു ചെയ്യേണ്ട ലെജിസ്ലേഷൻ എത്ര കാണണം? നൂറിൽ കൂടുതൽ ഉണ്ടാകും. തിരുവിതാംകൂർ നിയമം, തിരു-കൊച്ചി നിയമം, മദ്രാസ് നിയമം, ഇതെല്ലാം കൂടി ഇന്റഗ്രേറ്റ് ചെയ്യേണ്ട നിയമങ്ങൾ ഒരു നൂറെണ്ണമെങ്കിലുമുണ്ടാകും. പക്ഷേ നമുക്ക് അത്യാവശ്യം വരുന്ന നിയമനിർമ്മാണം പോലും നടത്താൻ സമയം കിട്ടിയില്ല. ഇപ്പോൾ തന്നെ അടിയന്തിരമായി ഓർഡിനൻസ് റിപ്ലേസ്മെന്റും അതു കഴിഞ്ഞ് ഇവിടെ സബ്ജക്ട് കമ്മിറ്റി സെലക്ട് കമ്മിറ്റിക്ക് എഴുതിയ ബില്ലുകൾ പോലും ഈ സെക്ഷനിൽ പാസ്സാക്കിത്തീർക്കാൻ കഴിയുമോ എന്നുള്ള ഒരു പ്രായോഗിക പ്രശ്നമുണ്ട്.

<u>മി. സ്പീക്കർ</u> : പ്രൊഫ. മീനാക്ഷി തമ്പാൻ അവതരിപ്പിച്ച സ്വകാര്യ ബിൽ ഉണ്ടല്ലോ- ക്രിമിനൽ പ്രൊസീഡ്യുവർ കോഡ്. അത് ഈ സഭയ്ക്കു ഉറപ്പു കൊടുത്തതാണ്. ഈ സെക്ഷനിൽ കൊണ്ടുവരേണ്ടതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അതൊക്കെ ഇൻട്രൊഡ്യൂസ് ചെയ്യാൻ സമയം കിട്ടുമോ എന്നുള്ളതാണ് പ്രശ്നം. ശ്രീ. പ്രകാശ് ബാബു പറഞ്ഞതു ശരിയാണ്. ഈ ബില്ലുകളെല്ലാം റീപ്ലേസ് ചെയ്യേണ്ടതാണ്. യൂണിഫൈഡ് കേരളാ ബില്ലുകളാക്കേണ്ടതുണ്ട്. പക്ഷേ അതിന് പ്രായോഗികമായി സമയം കിട്ടാറില്ല. യഥാർത്ഥത്തിൽ നിയമനിർമ്മാണത്തിന് അങ്ങ് ഇനിഷ്യേറ്റീവ് എടുത്ത് കുറെക്കൂടി ദിവസങ്ങൾ കണ്ടുപിടിച്ചെങ്കിൽ മാത്രമേ നമുക്ക് അത്യാവശ്യം വേണ്ടുന്ന നിയമ-നിർമ്മാണങ്ങളും ഇന്റഗ്രേഷനും നടത്താൻ സാധിക്കുകയുള്ളൂവെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ വലിയ അഭിപ്രായ വ്യത്യാസം വരുമെന്ന് എനിക്കു തോന്നുന്നില്ല. കഴിയുമെങ്കിൽ എത്ര വേഗത്തിൽ പാസ്സാക്കുന്നുവോ അതിനെ ആശ്രയിച്ചായിരിക്കും കാര്യങ്ങൾ നടക്കുക. നമ്മുടെ പഞ്ചായത്ത് രാജിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അനുസരിച്ച് അവർക്ക് പ്രവർത്തിക്കാൻ അവസരം കൊടുക്കേണ്ടതാണ്. അതുകൊണ്ട് കാലതാമസം കൂടാതെ ഇതു പാസ്സാക്കുന്നതിനും എല്ലാവരും സഹകരിക്കണം. ഇന്നു മൂന്നു മണിക്ക് സബ്ജക്ട് കമ്മിറ്റി കൂടുന്നുണ്ട്. കഴിയുമെങ്കിൽ ഇന്നുതന്നെ പാസ്സാക്കി എടുക്കാവുന്നതേയുള്ളൂ. വല്ല ടെക്നിക്കൽ ഒബ്ജക്ഷൻസല്ലാതെ അതിൽ കൂടുതലൊന്നും വരേണ്ട കാര്യമില്ല. ഏതായാലും സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിന് എല്ലാവരും യോജിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.എസ്. ജോൺ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഡോ. സെബാസ്റ്റ്യൻ പോൾ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ദാസൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ് മെന്റ്) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

2000-ലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

<u>മി. സ്പീക്കർ</u> : ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2000 മാർച്ച് മാസം 14-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.50 ന് സഭ പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly